മി. സ്പീക്കർ: ഓർഡർ......ഓർഡർ...... ചോദ്യം നമ്പർ (*61)

## പെരിയാറിൽ മത്സ്യങ്ങൾ ചത്തുപൊങ്ങിയ സംഭവം ആവർത്തിക്കാതിരിക്കാൻ നടപടി

(*61) ശ്രീ. അൻവർ സാദത്ത്:
ശ്രീ. റോജി എം. ജോൺ ചുമതലപ്പെടുത്തിയ പ്രകാരം
(ശ്രീ. എം. വിൻസെന്റ്):
ശ്രീ. ടി. ജെ. വിനോദ്:
ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയാറിൽ മത്സ്യങ്ങൾ ചത്തുപൊങ്ങിയ സംഭവം ഫിഷറീസ് വകുപ്പ് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പുഴയിലേയ്ക്ക് ഒഴുക്കിവിടുന്ന രാസമാലിന്യങ്ങൾ കാരണം മത്സ്യസമ്പത്ത് ഗണ്യമായി കുറയുകയും അതുമൂലം മത്സ്യമേഖലയെ ആശ്രയിച്ച് ജീവിക്കുന്ന നൂറുകണക്കിന് മത്സ്യത്തൊഴിലാളികളെ അത് പ്രതികൂലമായി ബാധിക്കുകയും ചെയ്യുമെന്നത് വസ്തുതയല്ലേ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത സംഭവത്തിൽ നഷ്ടം സംഭവിച്ചവർക്ക് അർഹമായ നഷ്ടപരിഹാരം നൽകാൻ നടപടികൾ വകുപ്പ് സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ,

(എ) ഉണ്ട്. പെരിയാറിൽ മത്സ്യങ്ങൾ ചത്തുപൊങ്ങിയ സംഭവം വിലയിരുത്തുന്നതിനായി 23-05-2024 രാവിലെ 10.30-ന് വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം സന്ദർശിക്കുകയും സർക്കാർ നിർദ്ദേശപ്രകാരം കുഫോസ് പ്രസ്തുത സ്ഥലത്തെ ജലം, മത്സ്യം, ചെളി എന്നീ സാമ്പിളുകളെടുത്ത് പരിശോധന നടത്തുകയും ചെയ്തിരുന്നു. വകുപ്പിലെ ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിലും കുഫോസ് ശേഖരിച്ച സാമ്പിളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആ റിപ്പോർട്ട് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ സഭയിൽ വിശദമായ മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ, ജലം മലിനപ്പെട്ടത് കാരണം മത്സ്യകർഷകർക്ക് മത്സ്യകൃഷിയിലുണ്ടായ നാശനഷ്ടത്തിന്റെ

കണക്കും പ്രസ്തുത പുഴയിൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കുമുണ്ടായ സാമ്പത്തിക നഷ്ടവും ടി വിഷയത്തിന്മേൽ കുറ്റക്കാരെ കണ്ടെത്തുകയും കുറ്റക്കാർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം കുറ്റകൃത്യം നടത്തിയവരിൽ നിന്നുതന്നെ പ്രശ്നബാധിതർക്കായുള്ള നഷ്ടപരിഹാരം ഉറപ്പാക്കണം എന്നീ ശിപാർശകളുമുണ്ട്.

(ബി) ഏലൂർ മുനിസിപ്പാലിറ്റിയിലെ 29-ഓളം കമ്പനികളാണ് പെരിയാറിന്റെ ഈ പ്രദേശങ്ങളിലായി പ്രവർത്തിച്ചുവരുന്നത്. ആ കമ്പനികളുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള പ്രയാസങ്ങളുണ്ടായോ എന്നതിനെ സംബന്ധിച്ചുള്ള മറുപടിയും  ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ സഭയിൽ വച്ചിരുന്നു. ഈ കമ്പനികളിൽ നിന്നോ ഇവയിൽ ഏതെങ്കിലും ഒന്നിൽനിന്നോ ഒന്നിലധികം കമ്പനികളിൽ നിന്നോ അതോ മറ്റേതെങ്കിലും സ്രോതസ്സിൽനിന്നോ പുഴയിലേയ്ക്ക് രാസമാലിന്യങ്ങൾ ഒഴുക്കിയിട്ടുണ്ടെങ്കിൽ പുഴയിലെ ജലത്തിന്റെ ഗുണനിലവാരം നഷ്ടപ്പെടുകയും അതുമൂലം പുഴയിലെ ജൈവ സമ്പത്തിനെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നതാണ്. ഈ

മേഖലയിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള 2248 സജീവ മത്സ്യത്തൊഴിലാളി കുടുംബങ്ങളും 518 അനുബന്ധ മത്സ്യത്തൊഴിലാളി കുടുംബങ്ങളും പുഴയെ ആശ്രയിച്ച് ജീവിച്ചുവരുന്നവരാണ്.

സംസ്ഥാനത്തെ വിവിധ ജലാശയങ്ങളിൽ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഫിഷറീസ് വകുപ്പ് മുഖേന പി.എം.എം.എസ്.വൈ., ജനകീയ മത്സ്യകൃഷി എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി വിവിധ മത്സ്യകൃഷി രീതികൾ നടപ്പിലാക്കിവരുന്നുണ്ട്. ആയതിൽ പ്രധാനമായി ചെയ്യുന്ന മത്സ്യകൃഷി രീതികളാണ് കൂടുകളിലെ മത്സ്യകൃഷി, എംബാങ്ക്മെന്റ് മത്സ്യകൃഷി തുടങ്ങിയവ.

പുഴകളിൽ രാസമാലിന്യങ്ങൾ കലർന്നാൽ ഇത്തരത്തിൽ വിവിധ മത്സ്യകൃഷി രീതികളിൽ വളർത്തുന്ന മത്സ്യങ്ങൾക്ക് പുറമേ പുഴയിലെ തനത് മത്സ്യങ്ങൾ ഉൾപ്പെടെയുള്ളവയ്ക്ക് നാശനഷ്ടമുണ്ടാകാൻ കാരണമാകുന്നതാണ്. ഇത് മത്സ്യകൃഷി ചെയ്യുന്ന കർഷകരേയും മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളി/അനുബന്ധ തൊഴിലാളിയുടെയും ജീവിതത്തെ പ്രതികൂലമായി ബാധിക്കുന്നതാണ്.

(സി) പ്രാഥമിക കണക്കുകൾ പ്രകാരം മത്സ്യകൃഷികളിലെ നാശനഷ്ടങ്ങൾ വിലയിരുത്തിയപ്പോൾ കൂട് മത്സ്യകൃഷിക്ക് 692.59 ലക്ഷം രൂപയും ഓരുജല മത്സ്യകൃഷിക്ക് 9.4728 ലക്ഷം രൂപയും എംബാങ്ക്മെന്റ് മത്സ്യകൃഷിക്ക് 1.6 ലക്ഷം രൂപയുമുൾപ്പടെ ആകെ 703.6628 ലക്ഷം രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്.

കൂടാതെ, പുഴയിലെ മത്സ്യസമ്പത്ത് പൂർണ്ണമായി നഷ്ടപ്പെട്ട സാഹചര്യത്തിൽ ആയത് പുനരുജ്ജീവിക്കുന്നതുവരെ ടി പുഴയെ ആശ്രയിച്ച് ജീവിക്കുന്ന 2306 സജീവ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് മൂന്ന് മാസങ്ങളിലേയ്ക്ക് ഒരു മാസം 25 ദിവസങ്ങളിലേയ്ക്ക് 350 രൂപ നിരക്കിൽ ആകെ 605.325 ലക്ഷം രൂപയും 518 അനുബന്ധ മത്സ്യത്തൊഴിലാളികൾക്കായി ഒരു മാസത്തേയ്ക്ക് 300 രൂപ നിരക്കിൽ 46.62 ലക്ഷം രൂപയും ഉൾപ്പടെ ആകെ മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ഉപജീവന പിന്തുണയ്ക്കായി 651.945 ലക്ഷം രൂപയുമാണ് കണക്കാക്കിയിട്ടുള്ളത്. ഇത്തരത്തിൽ മത്സ്യകർഷകർക്കും മത്സ്യത്തൊഴിലാളികൾക്കും/അനുബന്ധ മത്സ്യത്തൊഴിലാളികൾക്കുമായി ആകെ 1355.60780 ലക്ഷം രൂപയുടെ നഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്.

വകുപ്പിലെ ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിലും കുഫോസ് ശേഖരിച്ച സാമ്പിളുകളുടെ പരിശോധനയുടെ അടിസ്ഥാനത്തിലും തയ്യാറാക്കിയ റിപ്പോർട്ടിൽ, ജല മലിനീകരണംമൂലം മത്സ്യകർഷകർക്ക് മത്സ്യകൃഷിയിലുണ്ടായ നാശനഷ്ടത്തിന്റെ കണക്കും പ്രസ്തുത പുഴയിൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കുമുണ്ടായ സാമ്പത്തിക നഷ്ടവും ടി വിഷയത്തിന്മേൽ കുറ്റക്കാരെ കണ്ടെത്തി കുറ്റക്കാർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം കുറ്റകൃത്യം നടത്തിയവരിൽ നിന്നുതന്നെ പ്രശ്നബാധിതർക്കായുള്ള നഷ്ടപരിഹാരം ഉറപ്പാക്കണം എന്നീ ശിപാർശകളുമുണ്ട്. ഇക്കാര്യങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, പെരിയാറിലെ മത്സ്യകുരുതി വലിയ രീതിയിൽ ചർച്ച ചെയ്യുകയും അതൊരു വസ്തുതയാണെന്ന കാര്യവും നമുക്കെല്ലാവർക്കുമറിയാം. പെരിയാറിലെ മത്സ്യകുരുതിയുമായി ബന്ധപ്പെട്ട പഠന റിപ്പോർട്ടുകൾ പല രീതിയിലാണ് വന്നിരിക്കുന്നത്. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ പഠന റിപ്പോർട്ടിൽ dissolved oxygen-ന്റെ

ഏറ്റക്കുറച്ചിലുണ്ടെന്നും കുഫോസിന്റെ പഠന റിപ്പോർട്ടിൽ രാസമാലിന്യമാണെന്നും പറയുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് റിപ്പോർട്ടർ ടി.വി. പഠനം നടത്തിയിരുന്നു. കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാല നടത്തിയ പരിശോധനയിൽ അമോണിയം, സൾഫേറ്റ്, നൈട്രേറ്റ് എന്നിവ അപകടകരമാംവിധത്തിൽ വെള്ളത്തിൽ കലർന്നിട്ടുണ്ടെന്ന വാർത്ത ഇന്നലെ റിപ്പോർട്ടർ ടി.വി. പുറത്തുവിട്ടിരുന്നു. വ്യത്യസ്ത രീതിയിലുള്ള അഭിപ്രായങ്ങളാണ് ഈ വിഷയത്തിൽ വന്നത്. അതുകൊണ്ട് ഗവൺമെന്റ് തന്നെ ഇതിൽ എന്താണ് യഥാർത്ഥത്തിൽ കലർന്നിട്ടുള്ളത് എന്നതിനൊരു തീരുമാനമുണ്ടാക്കണം. പൊല്യൂഷൻ കൺട്രോൾ ബോർഡ് പറഞ്ഞതാണോ കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാല പറഞ്ഞതാണോ കുഫോസ് പറഞ്ഞതാണോ ശരിയെന്ന് വ്യക്തമാക്കി ജനങ്ങളെ ബോധ്യപ്പെടുത്താനും അതിനൊരു പരിഹാരം കണ്ടെത്താനും നമുക്ക് സാധിക്കണം. പെരിയാറിലെ രാസമാലിന്യം തടയാൻ എന്തൊക്കെ നടപടിയാണ് ഇതുവരെയായി സ്വീകരിച്ചിട്ടുള്ളത്? അവ്യക്തത മാറുന്നതിനുള്ള വ്യക്തമായ മറുപടി പ്രതീക്ഷിക്കുന്നു.

<u>ശ്രീ. സജി ചെറിയാൻ</u>: സർ, വ്യവസായ വകുപ്പിന് കീഴിലുള്ള മലിനീകരണ നിയന്ത്രണ ബോർഡ് പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നുണ്ട്. ഫിഷറീസ് വകുപ്പിന്റെയും കുഫോസിന്റെയും പഠന റിപ്പോർട്ട് വന്നിട്ടുണ്ട്. ഇറിഗേഷൻ വകുപ്പിന്റെ പരിശോധന നടക്കുന്നുണ്ട്. ഈ മൂന്ന് വകുപ്പുകളുമായി ബന്ധപ്പെട്ടതായതുകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇന്നലെ ആദ്യത്തെ ഭാഗം ഇവിടെ വിശദീകരിച്ചത്. ഇതിന് കൂടുതൽ പഠനങ്ങളും പരിശോധനകളും ആവശ്യമായതുകൊണ്ട് അത് നടന്നുകൊണ്ടിരിക്കുകയാണ്. മത്സ്യത്തൊഴിലാളികൾക്ക് വന്ന നഷ്ടം പരിഹരിക്കുന്ന കാര്യം ഇന്നലെ സഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിരുന്നു. മൂന്ന് വകുപ്പുകളുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ ഏകോപിപ്പിച്ച് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഒരു തീരുമാനമുണ്ടാകുമെന്നാണ് പറയാനുള്ളത്.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, നഷ്ടപരിഹാരം കൊടുക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ സഭയിൽ പറഞ്ഞു. പക്ഷെ എന്ന് കൊടുക്കുമെന്ന് വ്യക്തതയില്ല. ഇതുമായി ബന്ധപ്പെട്ട് നഷ്ടം വന്ന നിരവധി

ആളുകളുണ്ട്. മത്സ്യകൃഷി നടത്തുന്നവർ വളരെ പാവപ്പെട്ടവരാണ്. അവർക്ക് സമയബന്ധിതമായി നഷ്ടപരിഹാരം കൊടുക്കാൻ സാധിക്കുമോ; ഒരു നിശ്ചിത ശതമാനം നഷ്ടപരിഹാരമായി കൊടുക്കുന്ന സാധാരണ രീതിയിൽനിന്നും മാറി എത്ര തുക നഷ്ടം വന്നോ അത്രയും തുക സർക്കാരിന് കൊടുക്കാൻ സാധിക്കുമോ? അങ്ങനെ കൊടുത്താൽ മാത്രമേ പാവപ്പെട്ട കർഷകരെ രക്ഷിക്കാൻ സാധിക്കുകയുള്ളു.

ശ്രീ. സജി ചെറിയാൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വച്ചുകൊണ്ടാണ് ഫിഷറീസ് വകുപ്പ് കൃത്യമായ കണക്കെടുത്തിട്ടുള്ളത്. മത്സ്യകർഷകർക്ക് കൂട്ടുകൃഷി, എംബാങ്ക്മെന്റ് ബ്രീഡിംഗ് യൂണിറ്റിന്റെ ഭാഗമായി വരുന്നത് 7,03,66,280 രൂപയാണ്. മത്സ്യത്തൊഴിലാളികൾക്ക് ചീനവല, കുറ്റിവല എന്നിവയ്ക്ക് ഉൾപ്പെടെ വരുന്നത് 6,05,32,500 രൂപയാണ്. മത്സ്യ അനുബന്ധ തൊഴിലാളികൾക്ക് സപ്പോർട്ട് ചെയ്യേണ്ടത് 46,62,000 രൂപയാണ്. ഇതുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികൾക്ക് വന്നിട്ടുള്ള നഷ്ടം പരിഹരിക്കാൻ 13,55,60,280 രൂപയാണ് ഉദ്ദേശിക്കുന്നത്. ആ കാര്യമാണ് സഭയിൽ അറിയിച്ചിട്ടുള്ളത്.

ശ്രീ. എം. വിൻസെന്റ്: സർ, ഈ വർഷംതന്നെ 7 കോടി രൂപയിലേറെ മത്സ്യസമ്പത്ത് നഷ്ടപ്പെട്ടുയെന്നാണ് കണക്കാക്കിയിരിക്കുന്നത്. അത് ഈ വർഷം മാത്രമുണ്ടായ പ്രതിഭാസമല്ല. കഴിഞ്ഞ വർഷവും ഇതുപോലെ മത്സ്യസമ്പത്ത് നഷ്ടപ്പെട്ടു. പാതാളത്തിലെ റെഗുലേറ്റർ കം ബ്രിഡ്ജ് തുറക്കുന്നതിലൂടെയാണ് രാസമാലിന്യം കലർന്ന വെള്ളം പെരിയാറിലേയ്ക്ക് വരുന്നത്. ഇതിനെ സംബന്ധിച്ച് ഇപ്പോഴും പഠനം നടത്തുന്നുയെന്നാണ് പറയുന്നത്. പഠനം നടത്തി കുറ്റക്കാരായി കണ്ടെത്തുന്ന ഡിപ്പാർട്ട്മെന്റ്/വ്യവസായശാലകൾക്ക് എതിരെ നടപടി സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, വെള്ളം ശുദ്ധീകരിക്കുന്ന പ്ലാന്റുകളുള്ള വ്യവസായശാലകളും അതില്ലാത്തതുമുണ്ട്. ലഭിച്ച റിപ്പോർട്ടുകളിലൊരിടത്തും അതിന്റെ ഭാഗമായിട്ടാണ് മത്സ്യം ചത്തുപൊങ്ങിയത് എന്നത് സംബന്ധിച്ച് കൃത്യമായി പറഞ്ഞിട്ടില്ല. എന്നാൽ ഇതുസംബന്ധിച്ച് കൂടുതൽ പരിശോധന ആവശ്യമാണെന്ന് പറഞ്ഞിട്ടുണ്ട്. ആ ഭാഗത്തേയ്ക്ക് നമ്മൾ ഇപ്പോൾ കടക്കുകയാണ്. അങ്ങ് പറഞ്ഞതുപോലെ ഇറിഗേഷന്റെ കീഴിലുള്ള ബ്രിഡ്ജ് തുറന്നപ്പോഴാണ് ഈ സംഭവം നടന്നത് എന്നത് നൂറ് ശതമാനം

വസ്തുതാപരമല്ല. അത് ഇറിഗേഷനാണ് പരിശോധിക്കേണ്ടത്. അവരത് പരിശോധിക്കുന്നുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

ശ്രീ. ടി. ജെ. വിനോദ്: സർ, ഓരോ വർഷവും മത്സ്യകുരുതി കൂടിവരികയാണ്. 1998 മുതൽ ഇന്നുവരെ ഏകദേശം 280 മത്സ്യകുരുതികളുണ്ടായിട്ടുണ്ടെന്നാണ് മത്സ്യത്തൊഴിലാളികൾ പറയുന്നത്. ഈ വർഷം ഏകദേശം 9 മത്സ്യകുരുതികൾ നടന്നിട്ടുണ്ടെന്ന ആക്ഷേപമാണ് അവർ ഉന്നയിക്കുന്നത്. ഇത് തടയാനും പാതാളം റെഗുലേറ്ററിന്റെ പ്രവർത്തനംമൂലം ഭാവിയിൽ സമാന ദുരന്തം ആവർത്തിക്കാതിരിക്കാനും സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? കൂടാതെ, നദീതടങ്ങളിൽ അടിഞ്ഞുകൂടിയിരിക്കുന്ന രാസമാലിന്യം റീ-സൈക്കിൾ ചെയ്ത് പുഴ വൃത്തിയാക്കി മത്സ്യങ്ങളുടെ ആവാസവ്യവസ്ഥയെ സുഗമമാക്കുന്നതിനും അതിലൂടെ മത്സ്യത്തൊഴിലാളികളുടെ ഉപജീവനം സുഗമമാക്കാനുമുള്ള നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. സജി ചെറിയാൻ: സർ, പാതാളം റെഗുലേറ്റർ തുറന്നുവിട്ട സന്ദർഭത്തിൽ ഓക്സിജന്റെ കുറവ് സംഭവിച്ചിട്ടുണ്ടെന്നും ഒഴുക്കിവിട്ടതിൽ

രാസമാലിന്യം കലർന്ന് അപകടം സംവിച്ചിട്ടുണ്ടെന്നുമുള്ള സൂചനകൾ വരുന്നുണ്ട്. പക്ഷെ അത് പഠനത്തിലൂടെ മാത്രമേ വ്യക്തമായി മനസ്സിലാക്കാൻ കഴിയുകയുള്ളൂ. നിലവിൽ കിട്ടിയ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ രാസമാലിന്യങ്ങൾ കാരണമാണ് മത്സ്യം ചത്തുപൊങ്ങിയതെന്നത് പൂർണ്ണ അർത്ഥത്തിൽ അംഗീകരിക്കാൻ കഴിയില്ല. ഇത് വിശദമായി പരിശോധിച്ച് ഇനിയൊരിക്കലും ഇത് സംഭവിക്കാതിരിക്കാൻ വ്യവസായ വകുപ്പും ഫിഷറീസ് വകുപ്പും ഇറിഗേഷൻ വകുപ്പും യോജിച്ച ആത്യന്തികമായ നിലപാട് സ്വീകരിക്കും. നഷ്ടങ്ങൾ പരിഹരിക്കുന്നതോടൊപ്പം സ്ഥായിയായി ഇത്തരത്തിലുള്ള കുരുതി ഉണ്ടാകാതിരിക്കാനുള്ള നിലപാടും സർക്കാർ സ്വീകരിക്കും.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഇവിടെ ബഹുമാനപ്പെട്ട അംഗം ചോദിച്ച പ്രശ്നം നേരത്തെ ചർച്ച ചെയ്തതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ റെഗുലേറ്റർ ഓപ്പൺ ചെയ്യുന്നതിന് ഒരു പ്രോട്ടോക്കോൾ ഉണ്ടാക്കണമെന്ന് നിശ്ചയിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ റെഗുലേറ്റർ ഉയർത്തുന്നത് സംബന്ധിച്ച് ഇറിഗേഷൻ വകുപ്പ്, പൊല്യൂഷൻ കൺട്രോൾ

ബോർഡ്, അവിടത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഫിഷറീസ് വകുപ്പ് എന്നിവ തമ്മിലുള്ള എകോപന സംവിധാനമുണ്ടാക്കണമെന്നും കണ്ടെത്തിയിട്ടുണ്ട്. ഗ്രീൻ ട്രിബ്യൂണലും ബഹുമാനപ്പെട്ട സുപ്രീംകോടതിയും പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങളിൽ ഏതെല്ലാം നടപ്പിലാക്കാനുണ്ട്, ഏതൊക്കെ അവശേഷിക്കുന്നു എന്നത് സംബന്ധിച്ച് ഒരു ഉന്നതതല യോഗം ചേരണമെന്ന് നേരത്തെ മുഖ്യമന്ത്രിതന്നെ നിർദ്ദേശിക്കുകയുണ്ടായി. ബാക്കി കാര്യങ്ങൾ വിവിധ റിപ്പോർട്ടുകൾക്കകത്ത് വന്നത് ബഹുമാന്യനായ മന്ത്രി ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്.

ശ്രീമതി ഉമ തോമസ്: സർ, പെരിയാറിൽനിന്ന് ഒഴുകിവന്നതിൽ രാസമാലിന്യമില്ല ഓക്സിജനാണ് കൂടുതലെന്ന് പൊല്യൂഷൻ കൺട്രോൾ ബോർഡ് (PCB)-ന്റെ റിപ്പോർട്ട് കിട്ടിയതായി അറിഞ്ഞു. പക്ഷേ മറ്റ് സ്ഥലങ്ങളിൽ PCB-യാണ് ഇതിന് ഉത്തരവാദിയെന്നുള്ളതുകൊണ്ട് അവർ മാത്രം ഇതുപരിശോധിച്ചാൽ മതിയോ; മറ്റേതെങ്കിലും വകുപ്പുകൾകൂടി ഇടപ്പെട്ട് പരിശോധിക്കേണ്ടതില്ലേ? റിപ്പോർട്ടർ ചാനൽപോലെയുള്ള ചാനലുകളെല്ലാം പരിശോധിച്ചപ്പോൾ അമോണിയയും സൾഫറും നൈട്രേറ്റും കൂടുതലായി

കാണുന്നുണ്ടെന്ന പഠന റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. കുസാറ്റിൽ പരിശോധിച്ചപ്പോഴും ഇതുപോലെയാണ്. രാസമാലിന്യങ്ങൾ ഒഴുക്കിവിടുന്നത് എല്ലാവർക്കും അനുവദനീയമായ കാര്യമല്ല. മറ്റ് ഫാക്ടറികളിൽനിന്നും കൂടുതൽ മാലിന്യം ഒഴുക്കുന്നുണ്ട്, അത് പരിശോധിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, ഇതുതന്നെയാണ് ഞാൻ തുടക്കത്തിൽ പറഞ്ഞത്. Effluent Treatment Plant (ETP) മോണിറ്ററിംഗിനായി കുഫോസ്, ഫിഷറീസ് വകുപ്പ്, പൊല്യൂഷൻ കൺട്രോൾ ബോർഡ്, ഇറിഗേഷൻ വകുപ്പ് എന്നിവരെയെല്ലാം ഉൾപ്പെടുത്തി ജില്ലാ കളക്ടർ ചെയർമാനായ ഒരു മോണിറ്ററിംഗ് കമ്മിറ്റിയെ നിശ്ചയിക്കുന്നതാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ അതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. പക്ഷേ ഇവിടെ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഇതെങ്ങനെ സംഭവിച്ചുയെന്നതിനെ സംബന്ധിച്ച് വിശദമായ പഠനവും പരിശോധനയും നടത്തിയെങ്കിൽ മാത്രമേ യഥാർത്ഥ കുറ്റക്കാരെ കണ്ടെത്താൻ കഴിയുകയുള്ളൂ. അത് കണ്ടെത്തി ഈ പ്രശ്നം ശാശ്വതമായി പരിഹരിക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കും.

ശ്രീ. മാത്യു ടി. തോമസ്: സർ, മാലിന്യത്തെ തുടർന്നുണ്ടായ മത്സ്യത്തിന്റെ നഷ്ടമാണ് ഇവിടെ ചർച്ച ചെയ്തത്. നദികളിലും മറ്റ് ജലാശയങ്ങളിലും മാലിന്യം തടയുന്നതിനെതിരെ ശക്തമായ നിയമവ്യവസ്ഥങ്ങൾ ഇന്ന് നിലവിലുണ്ട്. ഇറിഗേഷൻ ആൻഡ് വാട്ടർ കൺസർവേഷൻ ആക്ടിലും കഴിഞ്ഞ വർഷം പാസ്സാക്കിയ പബ്ലിക് ഹെൽത്ത് ആക്ടിലുമൊക്കെ ജാമ്യമില്ലാത്ത കുറ്റമായി ഇതിനെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിർഭാഗ്യവശാൽ ഈ വ്യവസ്ഥകൾ നടപ്പിലാക്കാൻ കഴിയുന്നില്ല. ഒരിടത്തുപോലും ജലാശയങ്ങൾ മലിനമാക്കുന്നവർക്കെതിരെ പ്രസ്തുത നിയമവ്യവസ്ഥകൾ അനുസരിച്ച് കേസ്സെടുക്കാൻ തയ്യാറാകുന്നില്ല. അതുകൊണ്ട് ഫിഷറീസ് വകുപ്പുമന്ത്രി എന്ന നിലയിൽ അങ്ങ് മുൻകയ്യെടുത്ത് ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ച ചെയ്ത് പോലീസിനെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് കർശനമായി ഈ നിയമവ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വളരെ ഗൗരവമായ പ്രശ്നമാണ്. ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ച ചെയ്ത് അക്കാര്യത്തിൽ തീരുമാനമെടുക്കാം.

<u>ശ്രീ. കെ. ജെ. മാക്സി</u>: സർ, പെരിയാറിലുണ്ടായ മത്സ്യകുരുതി അവിടെ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികളുടെ ജീവിതത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. അത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, പെരിയാറിലെ മത്സ്യസമ്പത്തിനെ ആശ്രയിച്ച് ഏകദേശം 2248 സജീവ മത്സ്യത്തൊഴിലാളികളും 518 അനുബന്ധ മത്സ്യത്തൊഴിലാളികളും ഉപജീവനം നടത്തുന്നുണ്ട്. കൂടാതെ, നൂറ്റിയമ്പതോളം ചീനവലകളും പ്രവർത്തിച്ചുവരുന്നു. പെരിയാറിലുണ്ടായ മത്സ്യകുരുതിയിൽ ടി ജലാശയത്തിലെ മത്സ്യസമ്പത്ത് നശിച്ചുപോയതായി മനസ്സിലാക്കുന്നു. ഇത് പുഴയെ ആശ്രയിച്ച് ഉപജീവനം നടത്തിവരുന്ന മത്സ്യത്തൊഴിലാളികളെയും അനുബന്ധ മത്സ്യത്തൊഴിലാളികളെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്നാണ് സർക്കാർ വിലയിരുത്തിയിട്ടുള്ളത്. പുഴയിലെ തനത് മത്സ്യസമ്പത്തിന്റെയും മത്സ്യവിഭവത്തിന്റെയും ആവാസവ്യവസ്ഥയുടെയും പുനരുജ്ജീവനത്തിനായി ഈ മേഖലയിലെ വിഷയങ്ങളെ സംബന്ധിച്ച് വിദഗ്ധർ, മത്സ്യത്തൊഴിലാളികൾ, മത്സ്യകർഷകർ, ഉദ്യോഗസ്ഥർ എന്നിവരുമായി ചർച്ച

ചെയ്ത് മത്സ്യവിത്ത് നിക്ഷേപ പദ്ധതി, മത്സ്യസങ്കേതങ്ങൾ സ്ഥാപിക്കൽ, സ്വാഭാവിക പ്രജനനകേന്ദ്രങ്ങൾ സ്ഥാപിക്കൽ എന്നിവയുടെ പ്രായോഗികത പരിശോധിച്ച് നടപ്പിലാക്കുന്നതാണ്. പെരിയാറിലെ മത്സ്യസമ്പത്തിനെ ആശ്രയിച്ച് ജീവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ന്യായമായ നഷ്ടപരിഹാരം നൽകും. സ്ഥായിയായി ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിനുവേണ്ടിയുള്ള എല്ലാ നടപടികളും എത്രയും വേഗം സ്വീകരിക്കും.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, പെരിയാറിലെ മത്സ്യകുരുതി നടന്ന അതേകാലഘട്ടത്തിൽത്തന്നെ മരട് മുനിസിപ്പാലിറ്റിയിലെ കുണ്ടന്നൂർ പുഴയിലും വലിയ തോതിലുള്ള മത്സ്യനാശം സംഭവിക്കുകയുണ്ടായി. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർക്കുകൂടി നഷ്ടപരിഹാരം നൽകുന്നതിനെക്കുറിച്ച് സർക്കാർ ഗൗരവമായി ആലോചിക്കുമോ? നഷ്ടപരിഹാരം നൽകുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഫിഷറീസ് വകുപ്പുമന്ത്രിയും ആവർത്തിച്ച് പറയുന്നുണ്ടെങ്കിലും ഇതിന് എന്തെങ്കിലും സമയനിഷ്ഠയുണ്ടോയെന്നുകൂടി വ്യക്തമാക്കണം.

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ബഹുമനപ്പെട്ട അംഗം ആദ്യം ഉന്നയിച്ച വിഷയം സർക്കാരിന്റെ ശ്രദ്ധയിൽവന്നിട്ടുണ്ട്. അത് പരിശോധിക്കുന്നതിനായി ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സമയം നിശ്ചയിച്ച് നഷ്ടപരിഹാരം നൽകുന്നതിനെ സംബന്ധിച്ച് ഇപ്പോൾ പറയാൻ സാധിക്കില്ല. അത് പണം ലഭിക്കുന്ന മുറയ്ക്ക് നൽകുന്നതാണ്.

<u>ശ്രീമതി ദെലീമ</u>: സർ, മത്സ്യകൃഷിക്ക് അനുയോജ്യമായ പൊതുജലാശയങ്ങളെ ഉപയോഗപ്പെടുത്തി മത്സ്യകൃഷി കൂടുതൽ കാര്യക്ഷമമാക്കുന്നതിന് പദ്ധതികളുണ്ടോയെന്ന് വിശദമാക്കുമോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, തരിശ്ശായി കിടക്കുന്ന പാടങ്ങളിൽ മത്സ്യകൃഷി ചെയ്യുന്നതിനുവേണ്ടിയുള്ള നിരവധി നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ലഭ്യമായ കണക്കുകൾപ്രകാരം പൊക്കാളി, കോൾ, കൈപ്പാട് എന്നീ മേഖലകളിലായി 7947 ഹെക്ടർ കൃഷിയിടങ്ങളാണ് നിലവിലുള്ളത്. ഇതിൽ 6200 ഹെക്ടർ പ്രദേശങ്ങളും നെൽകൃഷിയോ മത്സ്യകൃഷിയോ ഇല്ലാതെ തരിശ്ശായി കിടക്കുകയാണ്. നെൽകൃഷിക്ക് ഉപയുക്തമല്ലാത്ത ഇത്തരം പ്രദേശങ്ങൾ മത്സ്യ ചെമ്മീൻ കൃഷിക്കായി ഉപയോഗിക്കുകയാണെങ്കിൽ

ഏകദേശം 56260 മെട്രിക് ടൺ മത്സ്യ ചെമ്മീൻ ഉല്പാദിപ്പിക്കുവാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. വർഷങ്ങളായി യാതൊരു കൃഷിക്കും ഉപയോഗിക്കാതെ തരിശ്ശായി കിടക്കുന്ന പൊക്കാളി, കോൾ, കൈപ്പാട് നിലങ്ങളിൽ മത്സ്യകൃഷി ചെയ്യുന്നതുമായി ബന്ധപ്പെട്ട് കൃഷി വകുപ്പിന്റെയും ഫിഷറീസ് വകുപ്പിന്റെയും ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരും ഉദ്യോഗസ്ഥരുമായി പലതവണ ചർച്ചകൾ നടത്തുകയും അതിന്റെ ജോയിന്റ് ഇൻസ്പെക്ഷൻ നടന്നുകൊണ്ടിരിക്കുകയുമാണ്. എത്രയും വേഗം ഈ സ്ഥലങ്ങൾ അന്തിമമായി നിശ്ചയിച്ച് അവിടെ കൃഷി ചെയ്യുന്നതായിരിക്കും.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, പെരിയാറിലെ വിഷയം വളരെ ഗൗരവമുള്ളതാണ്. സർക്കാർ വളരെ അടിയന്തരമായി ആ വിഷയത്തിലിടപെടുകയും ചെയ്തിട്ടുണ്ട്. പുഴകളിലും ശുദ്ധജല തടാകങ്ങളിലുമൊക്കെയുള്ള വെള്ളത്തിന്റെ ക്വാളിറ്റി നിരന്തരമായി പരിശോധിക്കുന്നില്ല. കൃത്യമായ ഇടവേളകളിൽ അത് പരിശോധിച്ചുകൊണ്ട് അതിന്റെ ക്വാളിറ്റി ഉറപ്പുവരുത്തണം. അതിൽ രാസമാലിന്യങ്ങളോ മറ്റ് അപകടകരമായ എന്തെങ്കിലും കലർന്നിട്ടുണ്ടെങ്കിൽ അടിയന്തരമായി

അവിടത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി ക്വാളിറ്റി ഉറപ്പുവരുത്തുന്നതിന് ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ സാധിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, ഈയൊരു അപകടം സംഭവിച്ചതിന്റെ അടിസ്ഥാനത്തിൽ അക്കാര്യത്തിൽ ഫിഷറീസ് വകുപ്പ് ആലോചന നടത്തുന്നുണ്ട്. അത്തരമൊരു പദ്ധതി ഗവൺമെന്റ് തയ്യാറാക്കിയിട്ടുണ്ട്. വെള്ളത്തിന്റെ ക്വാളിറ്റി പരിശോധിക്കുന്നതിനുള്ള സംവിധാനമുണ്ടെങ്കിലും വ്യാപകമായ രൂപത്തിലുള്ള പരിശോധനാ സംവിധാനം ഏർപ്പെടുത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി വ്യത്യസ്തങ്ങളായ പദ്ധതികളാണ് സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്നത്. നമ്മുടെ നിയോജകമണ്ഡലങ്ങളിലെല്ലാം വർഷങ്ങളായി തരിശ്ശായി കിടക്കുന്ന നിരവധി പാടങ്ങളുണ്ട്. ആ പാടങ്ങൾ കേന്ദ്രീകരിച്ചുകൊണ്ട് വ്യത്യസ്ത സൊസൈറ്റികളും സംഘടനകളും മത്സ്യമേഖലയിൽ ഇടപെടുന്ന കൂട്ടായ്മകളുമെല്ലാം മത്സ്യകൃഷി നടത്താൻ താല്പര്യം പ്രകടിപ്പിക്കുന്നുണ്ട്. അതിന് സർക്കാരിന്റെ പ്രത്യേകമായ

പ്രോത്സാഹനം ഉണ്ടാകുമോ; ഏതെങ്കിലും പദ്ധതികൾ പുതിയതായി ആവിഷ്ക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, മത്സ്യകൃഷിക്ക് അനുയോജ്യമായ പൊതുജലാശയങ്ങളെ ഉപയോഗപ്പെടുത്തി മത്സ്യകൃഷി കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി ജനകീയ മത്സ്യകൃഷി പദ്ധതി കഴിഞ്ഞ വർഷം ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി 50 ഏക്കർ സ്ഥലത്ത് നടപ്പിലാക്കിയ എംബാങ്ക്മെന്റ് മത്സ്യകൃഷി വലിയ വിജയമാണ് കൈവരിച്ചത്. അതുപോലെ 40 എണ്ണം വല വളപ്പുകളുടെ മത്സ്യകൃഷി, പെൻകൃഷി എന്നിവ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതിക്കായി യഥാക്രമം 450 ലക്ഷം, 42 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ, നടപ്പുസാമ്പത്തിക വർഷം ജനകീയ മത്സ്യകൃഷി പദ്ധതിയിലുൾപ്പെടുത്തി 75 ഹെക്ടർ പ്രദേശത്ത് എംബാങ്ക്മെന്റ് മത്സ്യകൃഷി, 40 എണ്ണം വല വളപ്പുകളിലെ മത്സ്യകൃഷി എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പഞ്ചായത്ത്/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എല്ലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട്, ബഹുമാനപ്പെട്ട എം.എൽ.എ.-മാരുകൂടി മുൻകയ്യെടുത്താൽ

ജനകീയ മത്സ്യകൃഷി വ്യാപകമായി കേരളത്തിൽ നടപ്പിലാക്കാൻ കഴിയും. അതിന് എല്ലാവരുടെയും സഹായമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. തോമസ് കെ. തോമസ്: സർ, എന്റെ നിയോജകമണ്ഡലമായ കുട്ടനാട് ഏറ്റവുമധികം ഉൾനാടൻ മത്സ്യത്തൊഴിലാളികളുള്ള പ്രദേശമാണ്. എന്നാൽ കുട്ടനാട്ടിലെ ജലാശയങ്ങളിൽ പോളകളുടെ ശല്യവും വെള്ളത്തിന്റെ സർക്കുലേഷനില്ലാത്തത് കാരണവും മത്സ്യത്തിന് പഴയ കാലത്തിലുള്ളതുപോലെയുള്ള രുചിയൊന്നുമില്ല. അടിയന്തരമായി ജലവിഭവ വകുപ്പും ഫിഷറീസ് വകുപ്പുമായി ചേർന്ന് ഇതിന് തീരുമാനമുണ്ടാക്കുമോ; ജലാശയങ്ങളിലെ പോളകളും മാലിന്യങ്ങളും നീക്കി മത്സ്യം വളരുന്നതിനുവേണ്ടിയുള്ള സംവിധാനമുണ്ടാക്കുന്നതിന് മുൻകയ്യെടുക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. എന്നാൽ ഫിഷറീസ് വകുപ്പിന് മത്സ്യം വളർത്തുന്നതിനുള്ള എല്ലാ അവകാശവുമുണ്ട്. പോള മാറ്റുന്നതിനുള്ള അവകാശമില്ലാത്തതുകൊണ്ട് അങ്ങ് പറഞ്ഞ കാര്യം മറ്റ് വകുപ്പുകളോട് സംസാരിക്കുന്നതാണ്.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: സർ, പൊതുജലാശയത്തിൽ മത്സ്യം, കക്ക എന്നിവയുടെ സംരക്ഷണത്തിനായി നടത്തിവരുന്ന പദ്ധതികൾ എന്തെല്ലാമാണ്; പൊതുജലാശയങ്ങളിൽ അനധികൃത മത്സ്യബന്ധനം തടയുന്നതിന് നിലവിൽ നിയമമുണ്ടോ; അത് കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, പൊതുജലാശയങ്ങളിൽ അനധികൃതമായി മത്സ്യം വളർത്തുന്നതും മത്സ്യകുരുതി നടത്തുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും കേസ് വന്നാൽ ശക്തമായ നടപടി സ്വീകരിക്കുന്നതിനുള്ള നിയമവും സംവിധാനവും നിലവിലുണ്ട്. ഞാൻ ആമുഖമായിത്തന്നെ പൊതുജലാശയങ്ങളിൽ നടപ്പാക്കുന്ന കൃഷിരീതിയെ സംബന്ധിച്ച് പറഞ്ഞു. മത്സ്യബന്ധന വകുപ്പിന് ചെയ്യാൻ സാധിക്കുന്ന പരമാവധി കാര്യങ്ങൾ ചെയ്യുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ, ബഹുമാനപ്പെട്ട എം.എൽ.എ.-മാരുകൂടി മുൻകയ്യെടുത്താൽ വലിയ തോതിൽ കേരളത്തിലെ പൊതുജലാശയങ്ങളിൽ ജനകീയ മത്സ്യകൃഷി വ്യാപിപ്പിക്കാൻ സാധിക്കുന്നതാണ്.

**ആദിവാസി സമൂഹം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി**

2 (*62) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:

ശ്രീ. എ. പി. അനിൽ കുമാർ ചുമതലപ്പെടുത്തിയ പ്രകാരം (ശ്രീ. സണ്ണി ജോസഫ്):

ഡോ. മാത്യു കുഴൽനാടൻ:

ശ്രീ. സനീഷ്‌കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി സമൂഹത്തിന്റെ ഉന്നമനത്തിനായി വകുപ്പ് നടത്തിയ ഇടപെടലുകളും പദ്ധതികളും വിശദമാക്കാമോ;

(ബി) അട്ടപ്പാടിയിലെ ശിശുമരണവും അരിവാൾ രോഗിയായ ആദിവാസി യുവതി മരിച്ച സംഭവവും ഗൗരവത്തോടെ കാണുന്നുണ്ടോ;

(സി) സമാനമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും ആദിവാസി മേഖലകളുടെ ഉന്നമനത്തിനായി പ്രത്യേക പാക്കേജ് നടപ്പാക്കാനും തയ്യാറാകുമോ; വിശദമാക്കാമോ?

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും

പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ,

(എ) ആദിവാസി സമൂഹത്തിന്റെ ഉന്നമനത്തിനായി അവരുടെകൂടി പങ്കാളിത്തം ഉറപ്പുവരുത്തിയുള്ള പൂർണ്ണമായും പ്രയോജനപ്രദമാകുന്ന പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. വിദ്യാഭ്യാസം, ഭവന നിർമ്മാണം, ഭൂമി നൽകൽ, തൊഴിൽ, ആരോഗ്യം, അടിസ്ഥാന സൗകര്യവികസനം എന്നീ മേഖലകളിൽ നടപ്പിലാക്കിവരുന്ന എല്ലാ പദ്ധതി പ്രവർത്തനങ്ങളിലും ആ സമൂഹത്തിന്റെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. സാമൂഹിക - സാമ്പത്തിക സർവ്വെ പ്രകാരം ലഭ്യമായ വിവരങ്ങളുടെയും വിവിധ പഠന റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ വിദ്യാഭ്യാസം, സാമ്പത്തികം, ഭൗതിക ആസ്തി എന്നിവയിലൂടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്താനായുള്ള പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കിവരികയാണ്. അതുകൊണ്ടാണ് ഇത്തരത്തിൽ പുരോഗതി നേടാൻ കഴിഞ്ഞത്. പദ്ധതികളുടെ സമയബന്ധിതവും സുതാര്യവുമായ നിർവ്വഹണം ഉറപ്പുവരുത്തുന്നതിനും സാധിച്ചിട്ടുണ്ട്.

(നിലവിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.)+

(ബി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ഗൗരവത്തോടെയാണ് സർക്കാർ ഇടപെടുന്നത്. അതുകൊണ്ടുതന്നെ ആയവ ആവർത്തിക്കാതിരിക്കാൻ ജാഗ്രതയോടെയുള്ള ഇടപെടൽ നടത്തുകയും തൽഫലമായി ശിശുമരണ നിരക്ക് ഗണ്യമായി കുറയ്ക്കുവാനും സാധിച്ചിട്ടുണ്ട്.

(സി) ഗർഭിണികൾക്കും നവജാതശിശുക്കൾക്കും ആരോഗ്യ പരിചരണം ഉറപ്പുവരുത്തുന്നതിനായി ആരോഗ്യ, പട്ടികവർഗ്ഗ, വനിത ശിശുവികസന വകുപ്പുകളുടെയും കുടുംബശ്രീയുടെയും സഹകരണത്തോടെ അട്ടപ്പാടി നോഡൽ ഓഫീസർ കൂടിയായ ഒറ്റപ്പാലം സബ് കളക്ടറുടെ നേതൃത്വത്തിൽ സ്പെഷ്യൽ ഡ്രൈവ് നടപ്പാക്കുന്നുണ്ട്. ജില്ലാ ഭരണകൂടത്തിന്റെയും ഇടപെടൽ നല്ല രീതിയിൽ നടക്കുന്നുണ്ട്. ഒരു വകുപ്പിൽനിന്നും ഒരു ഉദ്യോഗസ്ഥനെങ്കിലും ഓരോ ഊരിലും എല്ലാ ദിവസവും സന്ദർശിച്ച് പദ്ധതി നടത്തിപ്പ് വിലയിരുത്തി വരുന്നുണ്ട്. സിക്കിൾസെൽ അനീമിയ രോഗികൾക്ക് പോഷകാഹാര ലഭ്യത

---

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉറപ്പുവരുത്തുന്നതിനായി പ്രതിമാസം 2,500/- രൂപ വീതം ധനസഹായം അനുവദിക്കുന്നുണ്ട്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഇന്ത്യൻ പാർലമെന്റിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട അങ്ങയെ ഞാൻ അഭിനന്ദിക്കുകയാണ്. അങ്ങിവിടെ തുടരണമെന്നായിരുന്നു ഞങ്ങളുടെ പ്രാർത്ഥന. എന്തായാലും അങ്ങയുടെ വിജയത്തിൽ സന്തോഷിക്കുന്നു.

ആദിവാസികൾ എന്നും ആദിവാസിയുഗത്തിൽ ജീവിക്കേണ്ടവരല്ല. അവരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടേണ്ടത് വളരെ അത്യാവശ്യമാണ്. ഇപ്പോൾ അവർ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രതിസന്ധി അവരുടെ കടബാധ്യതകളാണ്. ബാങ്ക് ലോൺ, കുട്ടികളുടെ പഠനം തുടങ്ങി നിരവധി സാമ്പത്തിക ബാധ്യതകളാണ് അവർക്കുള്ളത്. കേരള ജനസംഖ്യയുടെ ഒന്നരശതമാനം ആദിവാസികൾ മാത്രമാണുള്ളത്. അവരുടെ സാമ്പത്തിക പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ആ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; അവരുടെ കടബാധ്യത സർക്കാർ എഴുതിത്തള്ളുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ആദിവാസി സമൂഹത്തിന് മാത്രമല്ല, എല്ലാ വിഭാഗം ആളുകൾക്കും ധാരാളം കടബാധ്യതകളുണ്ട്. അവരെ കടബാധ്യതയിൽനിന്ന് സ്വാശ്രയത്വത്തിലേയ്ക്ക് കൊണ്ടുവരാനുള്ള വലിയ ഇടപെടൽ നടത്തിയിട്ടുണ്ട്. അതിന്റെ ഭാഗമാണ് അവർക്ക് സ്വയംതൊഴിൽ കണ്ടെത്താനുള്ള ഇടപെടലുണ്ടായിട്ടുള്ളത്. എല്ലാവരെയും തൊഴിലും വരുമാനവുമുള്ളവരാക്കി മാറ്റാനുള്ള വലിയൊരു പദ്ധതിയാണ് ഇപ്പോൾ നടപ്പിലാക്കിവരുന്നത്. അതിന്റെ ഭാഗമായി ഒരു കുടുംബത്തിൽ ഒരാൾക്കെങ്കിലും തൊഴിലും വരുമാനവുമുണ്ടാക്കി അവരെ സ്വയംപര്യാപ്തതയിലേയ്ക്കെത്തിക്കുന്നതിനുള്ള ഇടപെടലുകളാണ് ഇപ്പോൾ നടന്നുവരുന്നത്. സാമ്പത്തിക പ്രയാസവും പ്രതിസന്ധിയുമൊക്കെയുള്ളതു കൊണ്ട് കടബാധ്യത എഴുതിത്തള്ളുന്ന കാര്യം ആലോചിച്ച് തീരുമാനിക്കേണ്ടതാണ്. കേരളത്തിന്റെ മാത്രമല്ല ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി അഞ്ഞൂറോളം ആദിവാസി കുട്ടികളെ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായി തിരഞ്ഞെടുക്കുകയും അവരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ആ രീതിയിലാണ് അവരെ രക്ഷപ്പെടുത്താൻ കഴിയുന്നത്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, കേരളത്തിലെ പല ആദിവാസി കോളനികളിലും അടിസ്ഥാന സൗകര്യങ്ങൾ വളരെ കുറവാണ്. പ്രത്യേകിച്ച് അവിടത്തെ റോഡുകളാണ് ഏറ്റവും വലിയ പ്രതിസന്ധി നേരിടുന്നത്. എന്റെ നിയോജകമണ്ഡലമായ പെരുമ്പാവൂരിലെ പൊങ്ങൻചോട് ആദിവാസി കോളനിയിലേയ്ക്ക് കോതമംഗലത്തുനിന്നും കാട്ടിലൂടെ എട്ട് കിലോമീറ്ററിലധികം യാത്ര ചെയ്യണം. ഇപ്പോൾ അങ്ങോട്ട് വഴിയും ഗതാഗതവുമില്ല. കാടിനുള്ളിലൂടെയുള്ള പ്രശ്നങ്ങളുണ്ടെങ്കിൽപ്പോലും വഴികൾ കോൺക്രീറ്റ് ചെയ്തെങ്കിലും ഭംഗിയാക്കി വാഹനം പോകുന്ന ഒരു നവയുഗത്തിലേയ്ക്ക് അവരെ എത്തിക്കാൻവേണ്ട നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, റിമോട്ട് ഏരിയയിലാണ് ഈ പറയുന്ന പ്രശ്നമുള്ളത്. അത്തരം പ്രദേശങ്ങളിൽ വനം വകുപ്പിന്റേകൂടി കൺസെന്റ് വേണ്ടതുണ്ട്. പല പ്രദേശത്തും റോഡ് വെട്ടാൻ തടസ്സമായി നിൽക്കുന്നത് വനം വകുപ്പിന്റെ കൺസെന്റ് ലഭിക്കാനുള്ള താമസമാണ്. വനം വകുപ്പുമന്ത്രിയും ഉന്നത വനം വകുപ്പുദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് നിരവധി പ്രദേശങ്ങളിലേയ്ക്ക് ഇപ്പോൾ റോഡ് വെട്ടിക്കൊണ്ടിരിക്കുകയാണ്. ഓരോ സ്ഥലത്തേയ്ക്കും റോഡ്

വെട്ടണമെങ്കിൽ സാധാരണ തുക മതിയാകില്ല. അതിന് വളരെയധികം തുക വേണ്ടിവരികയാണ്. മൂന്നോ അഞ്ചോ  കിലോമീറ്റർ റോഡ് വെട്ടണമെങ്കിൽ 50 കോടി, 40 കോടി, 42 കോടി രൂപയൊക്കെയാണ് ചെലവഴിക്കുന്നത്. ഇപ്പോൾ ഇടമലക്കുടിയിലേയ്ക്ക് റോഡ് വെട്ടിക്കൊണ്ടിരിക്കുകയാണ്. ഇതുപോലെയുള്ള ഉൾപ്രദേശങ്ങളിലെല്ലാം റോഡ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിന് പണത്തിന്റെ ലഭ്യതയും ഒരു പ്രശ്നമാണ്. അത് കേന്ദ്ര ഗവൺമെന്റുമായി ചർച്ച ചെയ്തിട്ടുണ്ട്. നിരവധി പദ്ധതികൾ കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. അതിന്റെകൂടി പണം ലഭ്യമായാൽ റോഡിന്റെ പ്രശ്നങ്ങൾ ഒരുവിധം പരിഹരിക്കാൻ സാധിക്കും. അടിസ്ഥാന സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനുള്ള ഇടപെടൽ നല്ലതുപോലെ നടത്തിയിട്ടുണ്ട്. 2021-ൽ ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കേരളത്തിലെ ആദിവാസിമേഖലയിൽ ഇന്റർനെറ്റ് കണക്ടിവിറ്റിയില്ലാതിരുന്ന 1284 പ്രദേശങ്ങളുണ്ടായിരുന്നു. ആധുനിക സാങ്കേതികവിദ്യ ഉപയോഗിക്കാൻ അവർക്ക് അവസരമുണ്ടാകണമെങ്കിൽ ഇന്റർനെറ്റ് കണക്ടിവിറ്റിയുൾപ്പെടെ ആവശ്യമാണ്. അതുകൊണ്ടാണ് 1264 കേന്ദ്രങ്ങളിൽ ഇന്റർനെറ്റ്

കണക്ടിവിറ്റിയുണ്ടായത്. കഴിഞ്ഞ രണ്ടുവർഷക്കാലംകൊണ്ട് 1119 പ്രദേശങ്ങളിൽ ഇന്റർനെറ്റ് കണക്ടിവിറ്റി കൊടുക്കാൻ കഴിഞ്ഞു. ഇനി 165 പ്രദേശങ്ങളിൽക്കൂടി ഇന്റർനെറ്റ് കണക്ടിവിറ്റി കൊടുക്കാനുള്ള നടപടി സ്വീകരിക്കുകയാണ്. അപ്പോൾ പൂർണ്ണമായും ഇന്റർനെറ്റ് കണക്ടിവിറ്റി അവിടെ എത്തിക്കാൻ കഴിയും.

ശ്രീ. സണ്ണി ജോസഫ്: സർ, ആറളം ആദിവാസി പുനരധിവാസ മേഖലയിലുൾപ്പെടെയുള്ള ആദിവാസി കുടുംബങ്ങളുടെയും കോളനികളിൽ താമസിക്കുന്നവരുടെയും പല കാര്യങ്ങളിലുമുള്ള പിന്നാക്കാവസ്ഥ മന്ത്രിക്കുതന്നെ നേരിട്ടറിയാവുന്നതാണ്. അവരുടെ വീടുകൾ പലതും ചോർന്നൊലിക്കുന്നതും  വളരെ അസൗകര്യങ്ങൾ നിറഞ്ഞതുമാണ്. ടോയ്‌ലെറ്റ് സൗകര്യങ്ങളില്ല, കുടിവെള്ളമില്ല, വൈദ്യുതി ചാർജ്ജ് അടയ്ക്കാൻ കഴിയാത്തതിനാൽ പലപ്പോഴും അവരുടെ വീടുകളിലെ വൈദ്യുതിയും വിച്ഛേദിക്കപ്പെടുന്നു. ഇത്തരത്തിലുള്ള പ്രശ്നങ്ങളെ സംബന്ധിച്ച് വളരെ വ്യക്തമായി പഠനം നടത്തി, ആവശ്യങ്ങൾ കണ്ടറിഞ്ഞ് അതിന് പരിഹാരമുണ്ടാക്കാനുള്ള നടപടി സ്വീകരിക്കണം. അടിസ്ഥാന സൗകര്യങ്ങളും

റോഡുകളുമില്ലാത്ത ധാരാളം ആദിവാസി കോളനികളുണ്ട്. അവിടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ആറളം ഫാമിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി അവിടെയുള്ള അടിസ്ഥാന സൗകര്യങ്ങളെല്ലാം മെച്ചപ്പെടുത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആറളം ഫാമിലെ ഏറ്റവും വലിയ പ്രശ്നം വന്യമൃഗശല്യമായിരുന്നു. ആറളം ഫാം തകർന്നതിന്റെ പ്രധാനപ്പെട്ട കാരണവും അതുതന്നെയാണ്. അതുകൊണ്ടാണ് 53 കോടിയിൽപ്പരം രൂപ ചെലവഴിച്ച് ആറളം ഫാമിൽ മൂന്നര കിലോമീറ്റർ ആനമതിൽ കെട്ടാൻ തീരുമാനിച്ചത്. ആറളം ഫാമിലെ ആനമതിൽ കെട്ടിക്കഴിഞ്ഞാൽ പകുതി പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും. മറ്റ് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള ഇടപെടൽ നടത്തിയിട്ടുണ്ട്. അവിടെ വീടുകൾ കൊടുത്ത കുടുംബങ്ങൾ അവിടെ താമസിക്കാത്ത സ്ഥിതിയുണ്ട്. 700-ലധികം ആളുകൾ അവിടെ താമസിക്കാതെ അവർക്ക് ആ ഭൂമി വേണ്ടെന്നുപറഞ്ഞ് പോകുന്ന സ്ഥിതിയാണ്. കാരണം, അവർ വയനാട്ടിലും കാസർഗോഡുമൊക്കെയുള്ള ആളുകളായിരിക്കും. അവർക്ക് അവരുടെ പ്രദേശത്തുതന്നെ പോകണമെന്ന ആവശ്യം വന്നിട്ടുണ്ട്. അതുകൊണ്ട്

വീടുകൾ സംരക്ഷിക്കാതിരിക്കുന്ന സ്ഥിതിയുമുണ്ട്. എല്ലാ സ്ഥലത്തും വൈദ്യുതി എത്തിക്കുന്നതിന് വൈദ്യുതി വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്തിട്ടുണ്ട്. എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുന്നതാണ്. അവിടെ ആയുർവേദ ആശുപത്രിയുടെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അവിടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള ഇടപെടൽ നടത്തിയിട്ടുണ്ട്. ആറളം കേന്ദ്രീകരിച്ച് അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയും ഫിഷറീസ് യൂണിവേഴ്സിറ്റിയും വെറ്ററിനറി യൂണിവേഴ്സിറ്റിയുമായി സഹകരിച്ച് ആദിവാസി കുട്ടികൾക്ക് ഹ്രസ്വകാല കോഴ്സുകൾ പഠിക്കാനുള്ള നടപടികളെല്ലാം ആരംഭിച്ചിട്ടുണ്ട്. ഈ അധ്യയന വർഷംതന്നെ അത് ആരംഭിക്കാൻ കഴിയുകയും ചെയ്യും.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, ഭരണഘടന പ്രത്യേകമായ പരിഗണന കൽപ്പിച്ചുനൽകിയിട്ടുള്ള വിഭാഗങ്ങളാണ് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം. അതുകൊണ്ടുതന്നെ അവർക്ക് അവകാശപ്പെട്ട കാര്യങ്ങൾ കൊടുക്കാൻ യാതൊരു സർക്കാരും ഭരണഘടനാപരമായി ബാധ്യതയുള്ളവരാണ്. അതൊരു ഔദാര്യമല്ല. ഇന്ന് കേരളത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലെ

കുട്ടികൾക്ക് നൽകുന്ന ആനുകൂല്യമാണ് ഇ-ഗ്രാന്റ്സ്. അടിസ്ഥാനപരമായി എസ്.സി./എസ്.റ്റി. മേഖലയിൽനിന്നുള്ള കുട്ടികളെ ഭാവിയിലേയ്ക്ക് ഉയർത്തിയെടുക്കാനുള്ള ഏക മാർഗ്ഗം വിദ്യാഭ്യാസം നൽകുക എന്നുള്ളതാണ്. ഇ-ഗ്രാന്റ്സ് മുടങ്ങുന്നതിന്റെ പേരിൽ ഫീസ് കൊടുക്കാത്തവരുടെ കൂട്ടത്തിൽ ഈ വിഭാഗത്തിലുള്ള കുട്ടികളെയും വിദ്യാലയങ്ങളിൽ എഴുന്നേൽപ്പിച്ചുനിർത്തുമ്പോൾ, ഈയൊരു വിഭാഗത്തിൽപ്പെട്ടവരുടെ ഒരു പ്രത്യേക അപകർഷതാബോധവും പ്രയാസവും ബുദ്ധിമുട്ടും അങ്ങയോട് പറയേണ്ടതില്ലല്ലോ. ഇതിന്റെ പേരിൽ കേരളത്തിലെ പതിനായിരക്കണക്കിന് കുട്ടികളുടെ ആത്മാഭിമാനം ക്ലാസ് റൂമുകളിൽ ചോദ്യം ചെയ്യപ്പെടുമ്പോൾ പഠനം എന്നുപറയുന്നത് അവർക്കൊരു ബാധ്യതയോ ബുദ്ധിമുട്ടോ ആയി മാറുകയാണ്. പ്രത്യേകിച്ച് എസ്.റ്റി. വിഭാഗത്തിൽനിന്നുള്ള പത്താം ക്ലാസ് കഴിഞ്ഞുവരുന്ന പെൺകുട്ടികളുടെ എണ്ണത്തിൽ ഡ്രാസ്റ്റിക്കായിട്ടുള്ള കുറവുകൾ കണ്ടുവരുന്നുണ്ട്.

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്....അതൊക്കെ ഡിമാന്റിൽ ചർച്ച ചെയ്യുക.

ഡോ. മാത്യു കുഴൽനാടൻ: സർ, ഇതുപോലുള്ള സാഹചര്യത്തിൽ എസ്.സി./എസ്.റ്റി. വിഭാഗത്തിൽപ്പെട്ടവർക്ക് ബാധ്യതപ്പെട്ട ഇ-ഗ്രാന്റ്സെങ്കിലും സമയത്ത് നൽകാനുള്ള നടപടിയുണ്ടാകുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഇ-ഗ്രാന്റ്സിന്റെ കാര്യത്തിൽ ചില കുടിശ്ശികകളുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. ഈ ഗവൺമെന്റ് കഴിഞ്ഞ മാർച്ച് മാസത്തിലാണ് ഏകദേശം 456 കോടി രൂപ പിന്നാക്ക എസ്.സി./എസ്.റ്റി. കുട്ടികൾക്കുവേണ്ടി നൽകിയത്. ഇനിയും കുറച്ചുകൂടി കൊടുക്കാനുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. അത് കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കും. 30 കോടി രൂപ ആദ്യ അലോട്ട്മെന്റിൽ ലഭിക്കുകയും അവർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഇതുമുഴുവൻ കൊടുത്തുതീർക്കാനുള്ള ബാധ്യത ഗവൺമെന്റിനുണ്ടെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. എസ്.സി/എസ്.റ്റി. കുട്ടികളെ വിദ്യാഭ്യാസത്തിലൂടെ വളർത്താൻ കഴിയുമെന്ന് നല്ലതുപോലെ മനസ്സിലാക്കിക്കൊണ്ടാണ് സംസ്ഥാനത്ത് കൂടുതൽ മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ ആരംഭിച്ചത്. ഈ വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷയുടെ റിസൾട്ട് വന്നപ്പോൾ ബഹുമാനപ്പെട്ട അംഗം ശ്രദ്ധിച്ചുകാണും,

കേരളത്തിൽ 32 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുണ്ട്. അതിൽ 26 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെ കുട്ടികളാണ് എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയത്. ആ 26 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളും 100 ശതമാനം വിജയം കരസ്ഥമാക്കി എന്നുള്ളത് കാണാതെ പോകരുത്. അവരുടെ വളർച്ചയെ കാണാതെ പോകുകയും അവരുടെ തളർച്ചമാത്രം പ്രൊജക്ട് ചെയ്യുന്ന ഒരു സ്ഥിതി എപ്പോഴുമുണ്ടാകുന്നുണ്ട്. അതുപോലെ ഈ ഗവൺമെന്റ് വന്നതിനുശേഷം ഏകദേശം 691 കുട്ടികളെയാണ് വിദേശ സർവ്വകലാശാലയിലേയ്ക്ക് പഠിക്കാൻ അയച്ചത്. അതോടൊപ്പം 255 കുട്ടികളെ ഈ സെപ്റ്റംബർ മാസം വിദേശ സർവ്വകലാശാലകളിലേയ്ക്ക് വിടുകയാണ്. അഞ്ച് കുട്ടികൾ കൊമേഴ്സ്യൽ പൈലറ്റുമാരായി മാറ്റിക്കഴിഞ്ഞിരിക്കുകയാണ്. പഠനം പൂർത്തിയാക്കി തിരിച്ചുവരുന്ന കുട്ടികൾക്ക് തൊഴിലുമായി ബന്ധപ്പെട്ട് ഏത് പഠനമാണോ നടത്തിയത് അതിനുവേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയാണ്. പാരാമെഡിക്കൽ, ബി.എസ്.സി. നേഴ്സിംഗ്, ജനറൽ നേഴ്സിംഗ് തുടങ്ങിയ കോഴ്സുകൾ പൂർത്തിയാക്കിയ 250 ട്രൈബൽ കുട്ടികളെ ഓരോ പ്രദേശത്തും നിയമിച്ചുകഴിഞ്ഞു. എസ്.സി. വിഭാഗത്തിൽനിന്ന്

800 കുട്ടികളെയും നിയമിച്ചുകഴിഞ്ഞു. കൂടാതെ അക്രഡിറ്റഡ് എഞ്ചിനീയർമാരെയും തിരഞ്ഞെടുക്കുകയാണ്. അങ്ങനെ വിദ്യാഭ്യാസം കഴിഞ്ഞവരെ ആത്മാഭിമാനത്തോടും അന്ത:സ്സോടുംകൂടി ജീവിക്കാനും സ്വന്തം കാലിൽ നിൽക്കാനുമുള്ള ശേഷിയുണ്ടാക്കിക്കൊടുക്കുകയാണ് ചെയ്യുകയാണ്. വിദ്യാഭ്യാസം ഏറ്റവും പ്രാധാന്യമുള്ളതാണെന്ന് മനസ്സിലാക്കിക്കൊണ്ട്, വിദ്യാഭ്യാസാനുകൂല്യങ്ങൾ കുറച്ച് കൂടുതൽ വന്നിട്ടുണ്ട്. വിദേശ സർവ്വകലാശാലകളിൽ ഒരു കുട്ടിയെ പഠിപ്പിക്കണമെങ്കിൽ ചുരുങ്ങിയത് 25 ലക്ഷം രൂപ ചെലവാകും. കൊമേഴ്സ്യൽ പൈലറ്റാക്കണമെങ്കിൽ 25,50,000/- രൂപയോളം ഓരോ കുട്ടിക്കും വേണ്ടിവരും. കൂടുതൽ കോഴ്സുകളിൽ കുട്ടികൾ ചേരാൻ തുടങ്ങിയപ്പോൾ സ്വാഭാവികമായും ഒരു വർഷം ബഡ്ജറ്റിൽ അലോട്ട് ചെയ്യുന്ന തുകയെക്കാൾ കൂടുതൽ തുക കൊടുക്കാൻ വേണ്ടിവരും. അത് തരുന്നതിനുവേണ്ടി ധനകാര്യ വകുപ്പ് പലപ്പോഴും ഒരു ലിബറൽ ആറ്റിറ്റ്യൂഡ് എടുത്തുക്കൊണ്ടിരിക്കുന്നുണ്ട്. അതിനാൽ കുറച്ചുകൂടി സഹായം നൽകണമെന്ന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രികൂടി

ഇടപെട്ടതുകൊണ്ടാണ് നാന്നൂറിലധികം കോടി രൂപ ഇപ്പോൾ ലഭ്യമാക്കിയിരിക്കുന്നത്.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ചാലക്കുടി മണ്ഡലത്തിലെ ആദിവാസി സമൂഹത്തോട് ബഹുമാനപ്പെട്ട മന്ത്രി കാണിച്ച താല്പര്യത്തിനും അരേക്കാപ്പിലും വെട്ടുവെട്ടുകാട് കോളനിയിലുമൊക്കെ എത്തി വൈദ്യുതി നല്കാൻ കാണിച്ച താല്പര്യത്തിനും നന്ദി പറയുകയാണ്. വനാവകാശ നിയമം നടപ്പിലാക്കിയ ഗ്രാമപഞ്ചായത്താണ് അതിരപ്പിള്ളി. എന്നാൽ പല ആദിവാസി കുടുംബങ്ങൾക്കും കൃഷി ചെയ്യുന്നതിനാവശ്യമായ സ്ഥലം ഇതുവരെയും അനുവദിച്ചിട്ടില്ല. പോത്തുപാറയിൽ താമസിക്കുന്ന 23 കുടുംബങ്ങൾ ഭൂമി ലഭിക്കാത്തതുമൂലം ചോർന്നൊലിക്കുന്ന കുടിലുകളിലാണ് താമസിക്കുന്നത്. അരേക്കാപ്പിലും വെട്ടുവെട്ടുകാട് ഊരുകളിലും വഴിയില്ലാത്തതുമൂലം മണിക്കൂറുകളോളം കാൽനടയായി നടന്നുവരേണ്ട അവസ്ഥയാണ്. വീടുകളെല്ലാം ചോർന്നൊലിക്കുന്ന അവസ്ഥയിലാണ്. അതിരപ്പിള്ളിയിലെ ആദിവാസി സമൂഹത്തിന് പ്രത്യേക പാക്കേജ് നടപ്പാക്കുന്നതിനും ചാലക്കുടി താലൂക്ക്

ആശുപത്രി ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ:</u> സർ, ബഹുമാനപ്പെട്ട മെമ്പർക്കറിയാവുന്നതുപോലെ അവിടത്തെ ചില പ്രദേശങ്ങൾ വളരെ വിദൂരമായവയാണ്. വെട്ടുവെട്ടുകാട് നമ്മൾ പോയി വൈദ്യുതി കൊടുത്തതും അരേക്കാപ്പിലെ പ്രശ്നം പരിഹരിക്കാനായി ഇടപെട്ടതും വളരെ ചർച്ച ചെയ്യപ്പെട്ടവയാണ്. ആ പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കാണണമെങ്കിൽ അവിടെ റോഡ് ഉണ്ടാകേണ്ടതുണ്ട്. അവിടെ റോഡിനായി ആദ്യം എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ 22 കോടി രൂപ മതിയെന്ന് പറഞ്ഞിരുന്നു. ഡീറ്റെയിൽഡായിട്ടുള്ള എസ്റ്റിമേറ്റ് എടുത്തപ്പോൾ 3.5 കിലോമീറ്റർ പോകാനായി 52 കോടി രൂപ വേണമെന്ന് അറിഞ്ഞു. മിലിട്ടറിക്കാരുടെ സഹായത്തോടുകൂടി അവിടെ മറ്റെന്തെങ്കിലും പ്രത്യേക സംവിധാനമുണ്ടാക്കാൻ കഴിയുമോയെന്ന് ആലോചിച്ചുകൊണ്ടിരി ക്കുകയാണ്. അതുപോലെ അവിടെ ഭൂമി കൊടുക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നമുണ്ട്. ആനക്കയത്ത് ഉരുൾപൊട്ടിയപ്പോൾ പോത്തുപാറയിൽ വന്ന് താമസിക്കുന്ന ട്രൈബ്സുണ്ട്. അവർക്ക് ഭൂമി

കൊടുക്കുന്നതിനുവേണ്ടിയുള്ള തീരുമാനം എടുക്കുകയും എസ്.എൽ.സി. കൂടുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ അനുമതി ലഭിച്ചാൽ എത്രയും പെട്ടെന്ന് അവർക്ക് ഭൂമി കൊടുക്കാൻ കഴിയും. പട്ടയം കിട്ടാത്ത ചില പ്രശ്നങ്ങളിൽ റവന്യൂ വകുപ്പുമന്ത്രി തന്നെ ഇടപെട്ടിട്ടുണ്ട്. എല്ലാ ജില്ലകളിലും ആദിവാസികൾക്ക് ഭൂമി കൊടുക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ പൂർണ്ണമായും എല്ലാവർക്കും ഭൂമി കൊടുക്കാൻ കഴിയും. മറ്റ് ജില്ലകളിൽ ഭൂമി കൊടുക്കാനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. താലൂക്ക് ആശുപത്രി ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയാക്കി മാറ്റുക എന്നത് സംബന്ധിച്ച് പറഞ്ഞിരുന്നു. അക്കാര്യം ആരോഗ്യ വകുപ്പുമായി ചർച്ച ചെയ്തിട്ടുണ്ട്. ആരോഗ്യ വകുപ്പുകൂടി അതിൽ സഹകരിക്കേണ്ടതുണ്ട്.

ശ്രീ. ഒ. ആർ. കേളു: സർ, വയനാട് ജില്ലയിൽ ഇപ്പോൾ ഡിപ്പാർട്ടുമെന്റ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഡിജിറ്റൽ കണക്കട് ഏര്യ പദ്ധതി. ആദിവാസികൾക്ക് അനുയോജ്യമായൊരു പദ്ധതിയാണത്. ഈ പദ്ധതി മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ;

അതോടൊപ്പംതന്നെ ഈ പദ്ധതികൊണ്ട് ഈ വിഭാഗത്തിലെ ആൾക്കാർക്ക് തൊഴിലും ആരോഗ്യവും ഉറപ്പുവരുത്താനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, കേന്ദ്ര ഏജൻസിയായ സി-ഡാക്കുമായി സഹകരിച്ചുകൊണ്ടാണ് ഡിജിറ്റലി കണക്ടട് ട്രൈബൽ ഏര്യ എന്നുള്ള പദ്ധതി നടപ്പിലാക്കുന്നത്. അത് കേവലമൊരു മുനിസിപ്പാലിറ്റി മാത്രം പ്ലാൻ ചെയ്ത പദ്ധതിയാണ്. അത് പിന്നീട് വിപുലീകരിച്ചാണ് വയനാട് ജില്ല മുഴുവനുമാക്കിയത്. ആദ്യം ഉദ്ദേശിച്ചത് ആരോഗ്യം മാത്രമായിരുന്നു. പിന്നീടത് തൊഴിലും വിദ്യാഭ്യാസവും ചേർത്തുകൊണ്ട് വിപുലമായാണ് വയനാട് നടപ്പാക്കിയത്. ആ പദ്ധതി മറ്റ് സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ട്. അത് ആദ്യമായി പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ നടപ്പിലാക്കാൻ കഴിയുമോയെന്നുള്ള പരിശോധനയാണ് നടന്നത്. സി-ഡാക്കും സ്റ്റേറ്റും സെൻട്രലും ഷെയർ ചെയ്തിട്ടുള്ള പദ്ധതിയാണ്. അത് നല്ല പദ്ധതിയാണ്. അത് വ്യാപിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, പറമ്പിക്കുളം ടൈഗർ റിസർവ് ആണെങ്കിലും 11 ഊരുകളിലായി 630 കുടുംബങ്ങൾ ആദിവാസി ഊരുകളിൽ താമസിക്കുന്നുണ്ട്. അവിടെ ആനക്കും കരടിക്കും കാട്ടുപോത്തിനും സ്വൈര്യമായി നടക്കാം. പക്ഷേ ആദിവാസി ഊരുകളിൽ താമസിക്കുന്നവർക്ക് വനപാതയിലൂടെ നടന്നെത്താൻ കഴിയാത്ത സ്ഥിതിയാണുള്ളത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് കേരള അതിർത്തി വഴി പറമ്പിക്കുളത്തേക്ക് പോകാനുള്ളൊരു റോഡുമായി ബന്ധപ്പെട്ട സമരം ദീർഘകാലം അവിടെ നടത്തി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ടിടപെട്ടാണ് വനം വകുപ്പുമായി യോജിച്ച് മൂന്ന് മീറ്റർ വീതിയിൽ മൂന്ന് കിലോമീറ്റർ ദൂരം അവിടെ വനം വകുപ്പിൽ നിന്നും ഭൂമി അനുവദിച്ചത്. അതുപോലെത്തന്നെ പൂപ്പാറ, കുരിയാർകുറ്റി എന്നിവിടങ്ങളിലേക്കും ആദിവാസി ഊരുകളുണ്ട്. ആ ആദിവാസി ഊരുകളിലേക്കാവശ്യമായ വനപാത നിർമ്മാണത്തിന് പ്രത്യേകിച്ച് ചെമ്മണാംപതി, തേക്കടി, കുരിയാർകുറ്റി എന്നിവിടങ്ങളിലേക്കുള്ള വനപാത നിർമ്മാണത്തിനാവശ്യമായ സാമ്പത്തികമനുവദിക്കാൻ കഴിയുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് പറമ്പികുളത്തെ ആദിവാസി വിഭാഗങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങളെക്കുറിച്ചാണ്. പ്രത്യേകമായി എം.എൽ.എ. അടക്കം പങ്കെടുത്തുകൊണ്ടുള്ള ചർച്ചകൾ നടത്തിയിട്ടുണ്ട്. അവിടെ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ടുകൊണ്ട് ഫോറസ്റ്റിന്റെ ചില തടസ്സങ്ങളുണ്ടായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം പങ്കെടുത്തുകൊണ്ട് നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ കുറേയധികം പുരോഗതി പ്രാപിച്ചിട്ടുണ്ട്. എങ്കിലും സാമ്പത്തികം ഒരു പ്രശ്നം തന്നെയാണ്. ഇത്രയധികം റോഡുകൾ നിർമ്മിക്കുന്നതിന് ഫണ്ട് കൂടുതലായി വേണം. അതിന്റെയൊരു പ്രയാസമുണ്ട്. സാമ്പത്തിക ലഭ്യത ഉറപ്പുവരുത്താൻ വേണ്ടിയുള്ള ഇടപെടൽ നടത്തിയിട്ടുണ്ട്. അതിനനുസരിച്ച് പറമ്പികുളത്ത് മുഴുവൻ ആദിവാസി ഊരുകളിലെയും ഭൗതിക സാഹചര്യം മെച്ചപ്പെടുത്താനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

ശ്രീ. എം. ഷംസുദ്ദീൻ: സർ, ആദിവാസി സമൂഹത്തിനിടയിലുള്ള ഒരു ജനിതക രോഗമാണ് സിക്കിൾ സെൽ അനീമിയ. അരിവാൾ രോഗമെന്നാണ്

മലയാളത്തിൽ പറയുന്നത്. ഈ രോഗത്തിന്റെ കാഠിന്യമനുസരിച്ച് പ്രൈറ്റ്, എസ്എസ് എന്നിങ്ങനെ രോഗികളെ രണ്ടായി തരംതരിക്കുകയാണ്. സീരിയസ് തോതിൽ രോഗമുള്ളതിനെ പ്രൈറ്റെന്നും കുറഞ്ഞ തോതിലുള്ളതിനെ എസ്എസ് എന്നും പറയും. 2500 രൂപ പെൻഷൻ ഇവർക്കുണ്ട്. പക്ഷേ ലോ ലെവലിൽ എസ്എസ്-ൽ ഉള്ളവരെ പെൻഷനിൽ നിന്നും ഒഴിവാക്കിക്കൊണ്ട് സമീപകാലത്ത് ഒരു ഉത്തരവിറങ്ങുകയുണ്ടായി. അട്ടപ്പാടിയിൽ 250-ഓളം അരിവാൾ രോഗികളുണ്ട്. ഇതിൽ നിന്ന് എസ്എസ് ലെവലിലുള്ള ആദിവസികളെ ഒഴിവാക്കിയത് വലിയ പ്രയാസമാണ്. ഈ രോഗം ബാധിച്ചാൽ ഏത് ലെവലിലാണെങ്കിലും വല്ലാത്ത അവശതയും പ്രയാസവുമാണ് ഉണ്ടാകുക. വിവേചനമില്ലാതെ എല്ലാ രോഗികൾക്കും പെൻഷൻ നല്കുന്നതിനുള്ള ഇടപെടലുണ്ടാകുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടികാണിച്ച സിക്കിൾ സെൽ അനീമിയ എന്നത് ട്രൈബൽ ഏര്യയിലുണ്ടാകുന്നൊരു പ്രത്യേക രോഗമാണ്. ആ രോഗത്തിന് ഇതുവരെ ഫലപ്രദമായൊരു മെഡിസിൻ കണ്ടുപിടിച്ചിട്ടില്ല. ആരോഗ്യ പരിരക്ഷയാണ്

ഏറ്റവും പ്രധാന ബോധവത്ക്കരണം. ഈ രണ്ട് കാര്യത്തിലൂടെയാണ് ഈ രോഗത്തെ പ്രതിരോധിക്കാൻ കഴിയുക. അതിനായി നല്ലരീതിയിൽ ഇടപെടൽ നടത്തിയിട്ടുണ്ട്. ആയിരക്കണക്കിന് ആളുകൾ  സിക്കിൾ സെൽ അനീമിയ ബാധിച്ച് മരിച്ചുകൊണ്ടിരിക്കുന്ന സ്ഥിതിയുണ്ടായിരുന്നു. ബോധവൽക്കരണത്തിലൂടെയും നല്ല പോഷകാഹാരങ്ങൾ നല്കുന്നതിലൂടെയും അവരുടെ രോഗം കുറച്ചുകുറച്ച് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചപോലെ അട്ടപ്പാടിയിൽ ഇപ്പോൾ ഇരുന്നൂറ് പേരായി  കുറഞ്ഞു. ഈ ഇരുന്നൂറ് പേരെയും ചികിത്സിച്ച് രോഗം ഭേദമാക്കാൻ കഴിയില്ല. അവരുടെ ആരോഗ്യം നിലനിർത്താൻ വേണ്ടി പോഷകാഹാരം കൊടുക്കണം. അതിനായാണ് 2500 രൂപ ട്രൈബൽ ഡിപ്പാർട്ടുമെന്റ് നേരിട്ട് കൊടുക്കുന്നത്. അവർക്ക് സാമൂഹ്യക്ഷേമ പെൻഷൻ ലഭിച്ചിരുന്നു. അത് നിർത്തലാക്കിയെന്നാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത്. തീർച്ചയായും സാമൂഹ്യക്ഷേമ പെൻഷൻ നിർത്തലാക്കിയിട്ടുണ്ടെങ്കിൽ അത് പുനഃസ്ഥാപിക്കാൻ വേണ്ടിയുള്ള ഇടപെടൽ നടത്താൻ കഴിയും.

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, ആദിവാസി മേഖലയിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം നിരവധി ശ്ലാഘനീയമായ പദ്ധതികളാണ് അവരുടെ സാമൂഹിക പുരോഗതിക്കുവേണ്ടി നടപ്പിലാക്കിവന്നത്. അതിലേറ്റവും ശ്രദ്ധേയമായൊരു പദ്ധതിയാണ് ഭിന്നശേഷി മേഖലയുമായി ബന്ധപ്പെട്ടുകൊണ്ട് Kerala Accelerated Tribal Ability Development & Inclusion Initiative" (KATADI Initiative) എന്ന പേരിലൊരു പദ്ധതി നടപ്പിലാക്കിയിരുന്നു. ഈ പദ്ധതിയെ സംബന്ധിച്ച് വിശദീകരിക്കാമോ; വയനാട് നിന്നും മറ്റ് ജില്ലകളിലേക്ക് വ്യാപിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കാമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, സെൻട്രൽ ഗവൺമെന്റുമായി സംയുക്തമായി നടപ്പിലാക്കുന്നൊരു പദ്ധതിയാണ് അത്. Differently abled ആയിട്ടുള്ള ട്രൈബ്സിന് വേണ്ട സഹായം ചെയ്യാൻ വേണ്ടിയുള്ളൊരു പദ്ധതിയാണ്. അവർക്കാവശ്യമായിട്ടുള്ള ഭൗതിക സാഹചര്യമുണ്ടാക്കുക, തൊഴിൽ സൃഷ്ടിക്കുക, അവർക്കാവശ്യമായ മറ്റ് സൗകര്യങ്ങൾ ചെയ്തുകൊടുക്കുക തുടങ്ങിയവയാണ്. വയനാട് ജില്ലയിൽ ഈ പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു. കോഴിക്കോട് ജില്ലയിലാണ് പദ്ധതി നടപ്പിലാക്കാനായി തീരുമാനിച്ചത്. അടുത്ത ജില്ലകളിലേക്കും വ്യാപിപ്പിക്കാനായി തീരുമാനിച്ചിട്ടുണ്ട്. കേരളം മുഴുവൻ

KATADI Initiative പദ്ധതി നടപ്പിലാക്കാൻ വേണ്ടിയിട്ടുള്ള തീരുമാനം എടുത്തുകഴിഞ്ഞിട്ടുണ്ട്.

ശ്രീമതി കെ. കെ രമ: സർ, ആദിവാസി സമൂഹത്തിന്റെ ഉന്നമനത്തിന് ഏറ്റവും അടിസ്ഥാനമായി വേണ്ടത് ഭൂമിയാണ്. സ്വന്തമായി അധ്വാനിച്ച് ജീവിക്കാനാവശ്യമായ ഭൂമി ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കാതെ ആദിവാസി സമൂഹത്തിന് ഒരുതരത്തിലും മുന്നോട്ടുപോകാൻ സാധിക്കുകയില്ല. സ്വന്തമായി ഭൂമിയുള്ളവർപോലും വ്യാജപട്ടയങ്ങളുണ്ടാക്കി അന്യാധീനപ്പെടുത്തുന്ന സാഹചര്യമാണ് അട്ടപ്പാടിയിലും വയനാടിലുമൊക്കയുള്ളത്. ഇക്കാര്യം റവന്യൂ വകുപ്പും പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവകുപ്പും ചേർന്ന് അടിയന്തരമായി യുദ്ധകാലാടിസ്ഥാനത്തിൽ പരിഹാരം കാണാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത് വളരെ ശരിയാണ്. ഭൂമി എല്ലാവർക്കും നൽകുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചതിനാലാണ് തിരുവനന്തപുരം

ജില്ലയിലെ മുഴുവൻ തദ്ദേശവാസികൾക്കും ഭൂമി നൽകാൻ സാധിച്ചത്. ഭൂമിയില്ലാത്തവരായി ഒരാളുപോലും തിരുവനന്തപുരം ജില്ലയിലില്ല. ഓരോ ജില്ലയിലും ഭൂമിയില്ലാത്തവരുടെ വിവരം പരിശോധിച്ചുവരികയാണ്. തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് 570 ആദിവാസി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്കാണ് നിലമ്പൂരിൽ ഭൂമി നൽകിയത്. ഇനി നാന്നൂറോളം പേർക്ക് ഭൂമി കൊടുക്കാനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു. ഓരോ ജില്ലയിലും എത്ര ആദിവാസി കുടുംബങ്ങൾക്ക് ഭൂമിയില്ലാത്തവരുണ്ടെന്നുള്ള കൃത്യമായ കണക്കെടുത്തിട്ടുണ്ട്. അവർക്ക് ഭൂമി കൊടുക്കാൻവേണ്ടി റവന്യൂ വകുപ്പിന്റെയും വനം വകുപ്പിന്റെയും സഹായത്തോടുകൂടി വലിയ രീതിയിലുള്ള ഇടപെടലുകളാണ് നടക്കുന്നത്. ഭൂമി കൊടുക്കുകയെന്നതാണ് ഗവൺമെന്റിന്റെ പ്രധാന ലക്ഷ്യം.

ശ്രീ. കെ. പ്രേംകുമാർ: സർ, ആദിവാസി സമൂഹം നേരിടുന്ന പ്രശ്നങ്ങളെ പൊതുവിൽ പരിഹരിക്കുന്നതിനുവേണ്ടി വകുപ്പ് നടത്തുന്ന പരിശ്രമങ്ങൾക്ക് പൂർണ്ണമായ പിന്തുണ നൽകുകയാണ്. അതോടൊപ്പം, ഈ വിഭാഗം അനുഭവിക്കുന്ന ഏറ്റവും പ്രധാനപ്പെട്ടൊരു പ്രശ്നമാണ് ലഹരിയുടെ അമിതമായ

ഉപയോഗം. അത് തടയുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, അതിനുവേണ്ടി എക്സൈസ് വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നിലപാടുകൾ സ്വീകരിക്കുന്നതിനോടൊപ്പം പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പും ഇക്കാര്യത്തിൽ വലിയ ഇടപെടലുകളാണ് നടത്തിയത്. ഈ വെക്കേഷൻ സമയത്തും കഴിഞ്ഞ രണ്ടു വർഷമായി എല്ലാ ഊരുകളിലും മറ്റ് പ്രദേശങ്ങളിലും 'വികസനോത്സവം' എന്ന പദ്ധതി നടപ്പിലാക്കിവരികയാണ്. അതിൽ സാമൂഹ്യവിപത്തുകൾക്കെതിരായ പ്രവർത്തനങ്ങളാണ് സംഘടിപ്പിക്കുന്നത്. മദ്യം, ലഹരി വസ്തുക്കൾ എന്നിവ ധാരാളമായി ഉപയോഗിക്കുന്നതിന്റെ ദൂഷ്യവശങ്ങൾ അവരെ ബോധ്യപ്പെടുത്തുന്നുണ്ട്. അട്ടപ്പാടിയിൽ കുട്ടികളിലടക്കം ലഹരിയുടെ ഉപയോഗം നല്ല രീതിയിലുണ്ടായിരുന്നത് കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടുതൽ ബോധവത്കരണത്തിലൂടെ കുറച്ചുകൊണ്ടുവരാനുള്ള ഇടപെടലുകളാണ് നടത്തിവരുന്നത്.

**ട്രോളിംഗ് നിരോധനം**

(*63 ) ശ്രീ. ഇ. കെ. വിജയൻ:

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:

ശ്രീ. സി. സി. മുകുന്ദൻ:

ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം മത്സ്യത്തൊഴിലാളികളുടെ സഹകരണത്തോടെ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) പ്രതികൂല കാലാവസ്ഥയും കള്ളക്കടൽ പ്രതിഭാസംമൂലം ഏറെക്കാലം മത്സ്യബന്ധനത്തിന് പോകാൻ കഴിയാതെ ബുദ്ധിമുട്ടിലായ മത്സ്യത്തൊഴിലാളികളെ ട്രോളിംഗ് നിരോധന കാലത്ത് സഹായിക്കുന്നതിന് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ട്രോളിംഗ് നിരോധനം എല്ലാ വിഭാഗം മത്സ്യബന്ധന യാനങ്ങൾക്കും ബാധകമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) അറബിക്കടലിൽ നിരന്തരമുണ്ടാകുന്ന പ്രതികൂല കാലാവസ്ഥമൂലം തുടർച്ചയായി ഉണ്ടാകുന്ന മത്സ്യബന്ധന നിയന്ത്രണം പ്രതിസന്ധിയിലാക്കിയ മത്സ്യത്തൊഴിലാളികളുടെ വായ്പകളുടെ തിരിച്ചടവിന് ട്രോളിംഗ് നിരോധന കാലത്ത് മൊറട്ടോറിയം അനുവദിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, (എ) എല്ലാ തീരദേശ ജില്ലകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ മെയ് 15 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ട്രോളിംഗ് നിരോധന സമയത്ത് കടൽ രക്ഷാ പ്രവർത്തനങ്ങൾക്കും കടൽ പട്രോളിംഗിനുമായി 9 തീരദേശ ജില്ലകളിലായി 19 ബോട്ടുകൾ വാടകയ്ക്കെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് നടപ്പാക്കിയിട്ടുണ്ട്. കൂടാതെ വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് 3 മറൈൻ ആംബുലൻസുകളും പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ട്രോൾ ബാൻ കാലയളവിൽ ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ പരിശീലനം പൂർത്തിയാക്കിയ 88 മത്സ്യത്തൊഴിലാളി യുവാക്കളെ കടൽ സുരക്ഷാ

സേനാംഗങ്ങളായി രക്ഷാ പ്രവർത്തനങ്ങൾക്ക് വേണ്ടി നിയോഗിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ 15 പ്രധാനപ്പെട്ട ഹാർബറുകളിലായി 100 ലൈഫ് ഗാർഡുകളെ നിയമിച്ചിട്ടുണ്ട്. ഫിഷറീസ് വകുപ്പിന്റെയും മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റേയും നേതൃത്വത്തിൽ തുടർച്ചയായി കടൽ പട്രോളിംഗ് നടത്തി സ്ഥിതിഗതികൾ വിലയിരുത്തുന്നതിനും വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

2024 ട്രോളിംഗ് നിരോധനം കാര്യക്ഷമമായി നടപ്പാക്കുന്നതിനായി 22-05-2024-ന് മന്ത്രിതലത്തിൽ മത്സ്യമേഖലയിലെ വിവിധ ട്രേഡ് യൂണിയൻ പ്രതിനിധികൾ തീരദേശ ജില്ലാ കളക്ടർമാർ, തീരദേശ ജില്ലാ പോലീസ് മേധാവികൾ, ഇന്ത്യൻ നേവി, ഇന്ത്യൻ കോസ്റ്റ് ഗാർഡ്, കോസ്റ്റൽ പോലീസ്, മറൈൻ എൻഫോഴ്സ്മെന്റ്, ഫിഷറീസ് ഉദ്യോഗസ്ഥർ എന്നിവരെ പങ്കെടുപ്പിച്ച് യോഗം ചേരുകയും 2024 ട്രോളിംഗ് നിരോധനം നടപ്പാക്കുന്നതിനായുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരുടേയും മത്സ്യമേഖലയിലെ വിവിധ ട്രേഡ് യൂണിയൻ നേതാക്കളുടെയും യോഗം ജില്ലാതലത്തിൽ

വിളിച്ചുകൂട്ടി തീരുമാനങ്ങൾ കൈക്കൊള്ളുകയും ആയവ നടപ്പിലാക്കുകയും ചെയ്തുവരുന്നു. ട്രോൾ ബാൻ 2024-മായി ബന്ധപ്പെട്ട് ഹാർബറുകളിലും ലാന്റിംഗ് സെൻറുകളിലും പ്രവർത്തിക്കുന്ന ഡീസൽ ബങ്കുകൾ അടച്ചുപൂട്ടാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഇൻബോർഡ് വള്ളങ്ങൾക്ക് ഡീസൽ ലഭ്യമാക്കുന്നതിന് അതാത് ജില്ലകളിലെ മത്സ്യഫെഡിന്റെ തെരഞ്ഞെടുത്ത ഡീസൽ ബങ്കുകൾ തുറന്ന് പ്രവർത്തിക്കാൻ അനുവാദം നൽകിയിട്ടുണ്ട്. കടൽ സുരക്ഷയുടെയും തീര സുരക്ഷയുടെയും ഭാഗമായി കടലിൽ പോകുന്ന എല്ലാ മത്സ്യത്തൊഴിലാളികളും ക്യൂ.ആർ. എനേബിൾഡ് ആധാർ കാർഡ്, ലൈഫ് ജാക്കറ്റ്, ലൈഫ് ബോയ് എന്നിവ കരുതിയിട്ടുണ്ടെന്ന് യാനമുടമകൾ ഉറപ്പാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഏകീകൃത കളർ കോഡിംഗ് നടത്തിയിട്ടില്ലാത്ത ബോട്ടുകൾ ഈ ട്രോൾ ബാൻ കാലയളവിൽത്തന്നെ അടിയന്തരമായി കളർ കോഡിംഗ് നടത്തേണ്ടതാണെന്ന് നിർദേശിച്ചിട്ടുണ്ട്. മറൈൻ എൻഫോഴ്സ്മെൻറിന്റെ പ്രവർത്തനങ്ങൾക്ക് ട്രോൾ ബാൻ കാലയളവിൽ കൂടുതൽ പോലീസുകാരുടെ സേവനം ആവശ്യമായി വന്നാൽ ജില്ലാ ഫിഷറീസ്

ഓഫീസർമാർ ആവശ്യപ്പെടുന്ന മുറയ്ക്ക് അത് അനുവദിച്ച് നൽകുന്നതിന് അതാത് ജില്ലാ പോലീസ് മേധാവികൾക്ക് നിർദേശം നൽകിയിട്ടുണ്ട്.

09-06-2024-ന് വൈകുന്നേരത്തോടുകൂടിത്തന്നെ ട്രോളിംഗ് ബോട്ടുകളെല്ലാം കടലിൽനിന്നും സുരക്ഷിത സ്ഥാനത്തേയ്ക്ക് മാറ്റിയിട്ടുണ്ടെന്ന് മറൈൻ എൻഫോഴ്സ്മെന്റും കോസ്റ്റൽ പോലീസും ഉറപ്പാക്കേണ്ടതാണെന്ന് നിർദേശിച്ചിട്ടുണ്ട്. ട്രോളിംഗ് നിരോധനം ലംഘിക്കുന്ന ട്രോൾ ബോട്ടുകൾക്കെതിരെ കർശന ശിക്ഷാ നടപടി സ്വീകരിക്കാൻ തീരദേശ ജില്ലാ ഓഫീസർമാർക്ക് നിർദേശം നൽകിയിട്ടുണ്ട്. ട്രോൾ ബാൻ കാലയളവിൽ ഇൻബോർഡ് വള്ളങ്ങളോടൊപ്പം ഒരു കാരിയർ വള്ളം മാത്രമേ അനുവദിക്കുകയുള്ളൂവെന്നും ആയത് മറൈൻ എൻഫോഴ്സ്മെന്റ് ഉറപ്പാക്കണമെന്നും നിർദേശിച്ചിട്ടുണ്ട്. ട്രോൾ ബാൻ കാലയളവിൽ കടൽ രക്ഷാ പ്രവർത്തനങ്ങൾ വേണ്ടിവരുമ്പോൾ ഫിഷറീസ് വകുപ്പ്, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ് എന്നിവരുടെ ഏകോപനത്തോടെ പ്രവർത്തിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. അടിയന്തര സാഹചര്യത്തിൽ രക്ഷാ പ്രവർത്തനം നടത്താൻ ഇന്ത്യൻ നേവി, ഇന്ത്യൻ കോസ്റ്റ് ഗാർഡ് എന്നിവർ

സജ്ജമായിരിയ്ക്കണമെന്ന് ഇന്ത്യൻ കോസ്റ്റ് ഗാർഡ്, ഇന്ത്യൻ നേവി എന്നീ സുരക്ഷാ ഏജൻസികളോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

ട്രോളിംഗ് നിരോധന കാലത്ത് തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിലെ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും പീലിംഗ് തൊഴിലാളികൾക്കും സൗജന്യ റേഷൻ നൽകിവരുന്നുണ്ട്. സമ്പാദ്യ സമാശ്വാസ പദ്ധതിയിൻ കീഴിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ ത്തൊഴിലാളികൾക്കും ഈ കാലയളവിൽ 4500/- രൂപ ധനസഹായം നൽകുന്നുണ്ട്. ഇതിൽ 1500/- രൂപ കേന്ദ്ര സർക്കാർ വിഹിതവും 1500/- രൂപ സംസ്ഥാന സർക്കാർ വിഹിതവും 1500/- രൂപ ഗുണഭോക്തൃവിഹിതവുമാണ്. ആയതിൽ മെയ് മാസം നൽകേണ്ടതായ 1500/- രൂപ അനുവദിക്കുകയും ജില്ലകളിൽ വിതരണം ചെയ്തുവരുകയും ചെയ്യുന്നു.

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന യന്ത്രവത്കൃത മത്സ്യബന്ധന യാനങ്ങളിലെ ട്രോൾ ബോട്ടുകൾക്കാണ് ട്രോൾ ബാൻ കാലത്ത് (ജൂൺ 10

മുതൽ ജൂലൈ 31 വരെ 52 ദിവസക്കാലം) മത്സ്യബന്ധന വിലക്ക് ഏർപ്പെടുത്തിയിട്ടുള്ളത്. പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് ഇത് ബാധകമല്ല. ട്രോളിംഗ് നിരോധന കാലത്ത് തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിലെ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും പീലിംഗ് തൊഴിലാളികൾക്കും സൗജന്യ റേഷൻ നൽകിവരുന്നുണ്ട്. ഈ വർഷവും സൗജന്യ റേഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സമ്പാദ്യ സമാശ്വാസ പദ്ധതിയിൻ കീഴിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യതൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഈ കാലയളവിൽ 4500/- രൂപ ധനസഹായം നൽകുന്നുണ്ട്. ഇതിൽ 1500/- രൂപ കേന്ദ്ര സർക്കാർ വിഹിതവും 1500/- രൂപ സംസ്ഥാന സർക്കാർ വിഹിതവും 1500/- രൂപ ഗുണഭോക്തൃവിഹിതവുമാണ്. ആയതിൽ മെയ് മാസം നൽകേണ്ടതായ 1500/- രൂപ അനുവദിക്കുകയും ജില്ലകളിൽ വിതരണം ചെയ്തു വരുകയും ചെയ്യുന്നു.

(സി) ഇല്ല. യന്ത്രവത്കൃത മത്സ്യബന്ധന യാനങ്ങളിലെ ട്രോൾ വലകൾ ഉപയോഗിക്കുന്ന ബോട്ടുകൾക്ക് മാത്രമാണ് ജൂൺ 10 മുതൽ ജൂലൈ 31 വരെ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയിട്ടുള്ളത്. പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് ഇത് ബാധകമല്ല.

(ഡി) മത്സ്യത്തൊഴിലാളികളുടെ വായ്പകളുടെ തിരിച്ചടവിന് ട്രോളിംഗ് നിരോധനകാലത്ത് മൊറോട്ടോറിയം അനുവദിച്ചിട്ടില്ല.

ശ്രീ. ഇ. കെ. വിജയൻ: സർ, ട്രോളിംഗ് നിരോധനകാലത്ത് ആധുനിക സംവിധാനങ്ങളോടുകൂടിയ വിദേശ ട്രോളറുകൾ നമ്മുടെ തീരത്ത് വരാറുണ്ട്. അത് നിയന്ത്രിക്കാനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. സജി ചെറിയാൻ: സർ, കഴിഞ്ഞകാലങ്ങളിൽ ട്രോളിംഗ് നിരോധന സന്ദർഭത്തിൽ ട്രോൾ ബോട്ടുകൾ കടലിൽ ഇറങ്ങിയതായി സംസ്ഥാനത്ത് ഒരിടത്തുനിന്നും റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല. മറ്റു പ്രദേശങ്ങളിൽ നിന്നുള്ള ബോട്ടുകൾ വരുന്നുവെന്ന ആക്ഷേപവും പറയുന്നുണ്ട്. അങ്ങനെ വന്നാൽ, അത് പിടിച്ചെടുത്ത് കർശനമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള എല്ലാ സംവിധാനവും സംസ്ഥാന ഗവൺമെന്റ് ഒരുക്കിയിട്ടുണ്ട്.

ശ്രീ. ഇ. കെ. വിജയൻ: സർ, മത്സ്യബന്ധന മേഖലയിൽ ഇന്നവേഷൻ കൗൺസിൽ വരുന്നുണ്ടെന്നാണ് അറിഞ്ഞത്. കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രി രണ്ടുവർഷം മുമ്പ് യൂറോപ്പ് സന്ദർശന വേളയിലാണ് നമ്മുടെ കയറ്റുമതികൂടി പ്രോത്സാഹിപ്പിക്കാൻവേണ്ടി ഇത്തരമൊരു കൗൺസിൽ രൂപീകരിക്കണമെന്ന് തീരുമാനിച്ചത്. അതിന്റെ പുരോഗതി എത്രത്തോളമായി?

ശ്രീ. സജി ചെറിയാൻ: സർ, ഇന്നവേഷൻ കൗൺസിൽ രൂപീകരിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. അത് എത്രയും വേഗം പൂർത്തീകരണ ഘട്ടത്തിലെത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, കടുത്ത സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുന്ന സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി പ്രശംസനീയമായ ആശ്വാസ പ്രവർത്തനങ്ങളാണ് സർക്കാരും ഫിഷറീസ് വകുപ്പും നിർവ്വഹിക്കുന്നത്. കേരളത്തിലെ തീരപ്രദേശങ്ങളിൽ വളരെ അടുത്ത കാലത്തായി കണ്ടുവരുന്ന അപകടകരമായ പ്രതിഭാസമാണ് കള്ളക്കടൽ. ആ പ്രതിഭാസത്തെത്തുടർന്ന് പെരിഞ്ഞനം ഗ്രാമപഞ്ചായത്തുൾപ്പെടെയുള്ള പ്രദേശങ്ങളിൽ തൊഴിലും ജീവനോപാധികളും നഷ്ടപ്പെട്ട നിരവധി

കുടുംബങ്ങളാണുള്ളത്. ഇത്തരം മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സഹായിക്കാൻവേണ്ടി ആശ്വാസധനം നൽകുന്നതുൾപ്പെടെയുള്ള എന്തെങ്കിലും പരിപാടി സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. സജി ചെറിയാൻ: സർ, ഈ കാലയളവിൽ 4500 രൂപ സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ ഭാഗമായി കൊടുക്കുന്നുണ്ട്. അതിൽ 1500 രൂപ ഇപ്പോൾ കൊടുത്ത് തുടങ്ങിയിട്ടുണ്ട്. റേഷൻ സൗജന്യമായി നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് ആരംഭിച്ചിട്ടുണ്ട്. രൂക്ഷമായ കടൽക്ഷോഭത്തിന്റെ ഭാഗമായി പ്രയാസം അനുഭവിക്കുന്ന സ്ഥലങ്ങളിൽനിന്ന് റിപ്പോർട്ടുകൾ വരുന്ന മുറയ്ക്ക് ഗവൺമെന്റും ഫിഷറീസ് വകുപ്പും ആവശ്യമായ സഹായ ഹസ്തം നീട്ടുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട.

ശ്രീ. സി. സി. മുകുന്ദൻ: സർ, ട്രോളിംഗ് നിരോധനം കർശനമായി നടപ്പാക്കുമ്പോൾ നിരോധന കാലയളവിൽ അയൽ സംസ്ഥാനങ്ങളിൽനിന്നുള്ള ഫൈബർ വള്ളങ്ങളുടെ പ്രവർത്തനങ്ങൾ നമ്മുടെ മേഖലയിൽ നടത്താറുണ്ട്. എന്നാൽ, അയൽസംസ്ഥാനങ്ങളിലെ വള്ളങ്ങളുടെ നുഴഞ്ഞുകയറ്റം

നിരോധിക്കുന്നതിനായി സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, 12 നോട്ടിക്കൽ മൈൽ ഉള്ളിലാണ് പരമ്പരാഗത മത്സ്യത്തൊഴിലാളികൾ അവരുടെ യാനങ്ങൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം നടത്തുന്നത്. അത്തരം ആളുകൾക്ക് മത്സ്യബന്ധനത്തിന് തടസ്സം നിൽക്കുന്ന കാര്യങ്ങളൊന്നും നമുക്ക് സ്വീകരിക്കാൻ കഴിയില്ല. മത്സ്യനിരോധനവുമായി ബന്ധപ്പെട്ട് കടലിൽ ഇറങ്ങേണ്ടതും ഇറങ്ങാത്തതുമായ ഏതെല്ലാം യാനങ്ങളാണ് എന്നുള്ളതിനെ സംബന്ധിച്ച് വ്യക്തത വരുത്തിയിട്ടുണ്ട്. അങ്ങനെ വന്നാൽ കർശനമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ജി. എസ്. ജയലാൽ: സർ, കേരളീയരുടെ ദൈനംദിന ഭക്ഷണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമാണ് മത്സ്യം. ട്രോളിംഗ് നിരോധ കാലത്ത് മത്സ്യത്തിന്റെ കുറവ് പരിഹരിക്കുന്നതിനുവേണ്ടി ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാനായി നടപടികൾ ഗവൺമെന്റ് സ്വീകരിക്കേണ്ടതുണ്ട്. ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് തടസ്സം നിൽക്കുന്ന ഒരു കാര്യമാണ് കുട്ടനാടൻ എം.എൽ.എ. ഇവിടെ സൂചിപ്പിച്ച

പോളയുടെ പ്രശ്നം. അത് സംസ്കാരിക്കാനുള്ള സംവിധാനമുണ്ടാകണം. കേരളത്തിലെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണിത്. തമിഴ്നാട് പോലുള്ള സംസ്ഥാനങ്ങൾ നാമമാത്രമായ വിലയ്ക്ക് പോള ശേഖരിക്കുന്നുണ്ട്. പോള ശേഖരിച്ച് വളമായി സംസ്കരിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് ഇടപെടൽ നടത്തണം. കേരളത്തിലെ മത്സ്യസമ്പത്തിനെ ബാധിക്കുന്ന പ്രധാന പ്രശ്നമാണിത്. മത്സ്യത്തിന് കൃത്യമായി ഓക്സിജൻ ലഭ്യമാകാത്തതിനാൽ രുചി കുറയുകയും അവയുടെ ഉത്പാദനത്തെ ബാധിക്കുകയും ചെയ്യുന്നു. ആ വിഷയത്തിൽ ഗവൺമെന്റ് കാര്യമായി ഇടപെടൽ നടത്തുമോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ബഹുമാനപ്പെട്ട കുട്ടനാട് എം.എം.എ. പറഞ്ഞപ്പോൾത്തന്നെ മറുപടി നൽകിയതാണ്. അതിന് ബന്ധപ്പെട്ട വകുപ്പുകളുമായി യോജിച്ച് തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്. മത്സ്യബന്ധന വകുപ്പ് മാത്രം വിചാരിച്ചാൽ പരിഹരിക്കാൻ കഴിയുന്ന പ്രശ്നമല്ല. ഉന്നയിക്കപ്പെട്ട വിഷയം വളരെ ഗൗരവമുള്ളതാണ്. ആ കാര്യത്തിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ചർച്ചകൾ നടന്നതാണ്. എം.എൽ.എ. ആയിരുന്ന സന്ദർഭത്തിൽ തന്നെ കുട്ടനാടിന്റെ വിഷയമായതുകൊണ്ടും അപ്പർ കുട്ടനാടിന്റെ എം.എൽ.എ.

എന്ന നിലയിലും ഈ പ്രശ്നത്തിൽ ഞാൻ ഇടപെട്ടതാണ്. ആധുനിക മെഷനറികൾ ഉപയോഗപ്പെടുത്തി പൂർണ്ണമായും സംസ്കരിക്കാൻ കഴിയുന്ന ചില സമീപനങ്ങൾ ചില സംസ്ഥാനങ്ങളിൽ ആവിഷ്കരിച്ചിട്ടുണ്ട്. ജലസേചന വകുപ്പ് മന്ത്രിയുടെ കൂടി ശ്രദ്ധയിൽപ്പെടുത്തി യോജിച്ച തീരുമാനം വേഗത്തിലെടുക്കാനുള്ള സമീപനം സ്വീകരിക്കുന്നതാണ്.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, ഏറ്റവും കൂടുതൽ മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ഒരു മണ്ഡലമാണ് മഞ്ചേശ്വരം. ഏറ്റവും കൂടുതൽ മത്സ്യം കടലിൽനിന്ന് ലഭിക്കുന്ന സമയത്താണ് കാലാവസ്ഥയുടെ പേര് പറഞ്ഞ് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തി മത്സ്യത്തൊഴിലാളികളെ കടലിലേയ്ക്ക് പോകരുതെന്ന് പറയുന്നത്. അവർക്ക് 200 രൂപ വച്ച് കഴിഞ്ഞ കാലങ്ങളിൽ നൽകിയിരുന്നു. ആ തുക സമയത്ത് ലഭിക്കാറില്ല. എന്റെ മണ്ഡലത്തിലെ ആളുകൾക്ക് ഒരുവർഷം കഴിഞ്ഞ് 3000 രൂപ ലഭിച്ചിട്ടുണ്ട്. ചില ആളുകൾക്ക് റേഷൻ ലഭിക്കുന്നുണ്ട്. അവർക്ക് പരമ്പരാഗത തൊഴിൽ ചെയ്യാൻ കഴിയാത്ത അവസ്ഥയാണ്. കാരണം, കർണ്ണാടകയിലെ വൻകിട ബോട്ടുകൾവന്ന് എന്റെ നാട്ടിലുൾപ്പെടെയുള്ള

മീനുകൾ കൊണ്ടുപോകുകയാണ് ചെയ്യുന്നത്. മത്സ്യത്തൊഴിലാളികളുടെ മക്കളെ പഠിപ്പിക്കാൻ കഴിയാത്ത പ്രയാസം പറഞ്ഞ് എം.എൽ.എ. ഓഫീസിൽ മത്സ്യത്തൊഴിലാളികൾ വരുന്നുണ്ട്. ഈ സമയത്ത് അവരെ ചേർത്ത് നിർത്താൻ ഏതെങ്കിലും രീതിയിലുള്ള ഒരു നൂതനമായ പദ്ധതിയെക്കുറിച്ച് ആലോചിക്കുന്നുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, ട്രോൾ ബാൻ സമയത്ത് 52 ദിവസം മാത്രമേ നമ്മൾ ബാൻ ചെയ്തിട്ടുള്ളൂ. മത്സ്യത്തൊഴിലാളി സംഘടനകളും അതുമായി ബന്ധപ്പെട്ട ഏജൻസികളും കൂടുതൽ ദിവസത്തേയ്ക്ക് ട്രോൾ ബാൻ നീട്ടണമെന്ന് പറയുന്നുവെങ്കിലും സംസ്ഥാനത്തിന്റെ പൊതുവായ സാഹചര്യം വച്ച് 52 ദിവസമായി അത് ലിമിറ്റ് ചെയ്തു. കേന്ദ്ര സർക്കാർ ജൂൺ 1 മുതൽ ജൂലൈ 31 വരെ 12 നോട്ടിക്കൽ മൈലിനുപുറത്ത് 200 നോട്ടിക്കൽ മൈലുള്ള എക്സ്ക്ലൂസീവ് എക്കണോമിക്സ് സോണിൽ മോട്ടൊറൈസ്ഡ് ഒഴികെയുള്ള എല്ലാ യന്ത്രവത്കൃത മത്സ്യബന്ധന യാനങ്ങൾക്കും മത്സ്യബന്ധന നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടെന്നതാണ് ഒരു ഭാഗം. രണ്ടാമത്തെ ഭാഗം ബഹുമാനപ്പെട്ട മഞ്ചേശ്വരം എം.എൽ.എ. പറഞ്ഞതുപോലെ മത്സ്യത്തൊഴിലാളികളെ ഇത്രയും

ചേർത്തുപിടിച്ച ഒരു ഗവൺമെന്റ് ഇന്ത്യയിൽ ഒരിടത്തുമില്ല എന്ന വസ്തുത അങ്ങും അംഗീകരിക്കുമല്ലോ. അങ്ങയുടെ മണ്ഡലത്തിൽ എടുത്തുപരിശോധിച്ചാൽ ഏറ്റവും കൂടുതൽ സാമ്പത്തിക സഹായം നൽകിയിട്ടുള്ള ഗവൺമെന്റുകളാണ് ഒന്നും രണ്ടും പിണറായി ഗവൺമെന്റുകൾ. ട്രോൾ ബാൻ പീരിയഡിൽ മത്സ്യത്തൊഴിലാളികൾക്ക് നൽകേണ്ട 4500 രൂപയിൽ 1500 രൂപ കേന്ദ്ര ഗവൺമെന്റ് നൽകിയിട്ടില്ല. സാമ്പത്തികമായ പ്രയാസങ്ങൾ അനുഭവിക്കുമ്പോഴും സംസ്ഥാന ഗവൺമെന്റ് 1500 രൂപ വീതവും സൗജന്യ റേഷനും കൊടുത്തു തുടങ്ങിക്കഴിഞ്ഞു. ഇനി ഏതെങ്കിലും തരത്തിലുള്ള സഹായങ്ങൾ ആവശ്യമാണെന്ന് തോന്നിയാൽ അക്കാര്യം ഗവൺമെന്റ് പരിഗണിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. തീരദേശത്തെ ജനങ്ങൾക്ക് എല്ലാ ആശ്വാസനടപടികളും സ്വീകരിച്ചുകൊണ്ട് ഗവൺമെന്റ് മുന്നോട്ടുപോകുമെന്ന ഉറച്ച നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, മത്സ്യത്തൊഴിലാളികളുടെ ഓരോ ജീവൽപ്രശ്നത്തിലും ഏറ്റവും ഫലപ്രദമായി ഇടപെടുന്ന ഈ ഗവൺമെന്റിനെയും ബഹുമാനപ്പെട്ട മന്ത്രിയെയും ഞാൻ അഭിനന്ദിക്കുകയാണ്. മൺസൂൺ കാലത്ത്

മത്സ്യത്തൊഴിലാളികൾ തൊഴിലിന് പോകുന്നത് അവരുടെ ജീവൻ പണയപ്പെടുത്തിക്കൊണ്ടാണ്. അങ്ങനെ പോകുന്ന മത്സ്യത്തൊഴിലാളികൾ അവരുടെ ജീവൻ രക്ഷാർത്ഥം ലൈഫ് ജാക്കറ്റ് തുടങ്ങിയ സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കണമെന്ന തീരുമാനങ്ങൾ പലതും എടുക്കാറുണ്ടെങ്കിലും അത് കർശനമായി നടപ്പിലാക്കുന്നതിനുവേണ്ടി ഗവൺമെന്റ് എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; അങ്ങ് ശക്തമായി അത് നിഷ്കർഷിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, മന്ത്രിതലത്തിലും കളക്ടർമാരുടെ സാന്നിദ്ധ്യത്തിലും നടന്ന യോഗങ്ങളിൽ കർശനമായി ലൈഫ് ജാക്കറ്റും ഉപയോഗിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. അത് ഉപയോഗിക്കാൻ മത്സ്യത്തൊഴിലാളികളായ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ, യാനങ്ങളിൽ പോകുന്നവരുടെ കുടുംബങ്ങൾക്ക് അതുസംബന്ധിച്ച് കൃത്യമായ അറിയിപ്പ് നൽകിയിട്ടുണ്ട്. ഇതിൽ നമ്മുടെ ട്രേഡ് യൂണിയനുകളും വലിയൊരു സഹായം ചെയ്യുന്നുണ്ട്. നല്ല ബോധവത്കരണത്തിലൂടെ മത്സ്യത്തൊഴിലാളി മേഖലയിൽ അപകടരഹിതമായ മത്സ്യബന്ധനം നടത്തുക എന്നതാണ് ഗവൺമെന്റിന്റെ

നയം. അപകടരഹിതമായ മത്സ്യബന്ധനത്തിനുവേണ്ടിയുള്ള സമീപനത്തിന്റെ ഭാഗമായി അമ്പതിനായിരം ലൈഫ് ജാക്കറ്റുകളാണ് വാങ്ങിക്കൊടുത്തിട്ടുള്ളത്. ഈ കാര്യത്തിലെല്ലാം ഗവൺമെന്റ് എല്ലാ സഹായങ്ങളും ചെയ്യുന്നുണ്ട്. ഇൻഷ്വറൻസ് പോലുമെടുക്കാത്ത മത്സ്യത്തൊഴിലാളികൾ ഉണ്ട്. മുതലപ്പൊഴിയിൽ അപകടം കഴിഞ്ഞശേഷം നാല് വീടുകളിൽ ഞാൻ സന്ദർശനം നടത്തിയപ്പോൾ അവിടെ മരിച്ച രണ്ട് ആളുകൾ ഇൻഷ്വറൻസ് എടുത്തിട്ടില്ല. 20 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് സൗജന്യമായി സർക്കാർ കൊടുക്കുകയാണ്. മത്സ്യത്തൊഴിലാളി മേഖലയിൽ ഇക്കാര്യത്തിൽ എല്ലാവരും കൂടി ചേർന്നുള്ള ബോധവത്കരണവും ഇടപെടലും ആവശ്യമാണ്. അക്കാര്യത്തിൽ ഗവൺമെന്റ് നിയമപരമായി ചെയ്യേണ്ട കാര്യങ്ങൾ ചെയ്യും.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, കഴിഞ്ഞ ദിവസം ബോട്ടപകടത്തിൽ പൊന്നാനിയിൽ രണ്ട് മത്സ്യത്തൊഴിലാളികൾ മരണപ്പെടുകയുണ്ടായി. നമ്മുടെ ലക്ഷദ്വീപ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ ചരക്ക് കപ്പൽ മത്സ്യബന്ധന ബോട്ടിൽ ഇടിച്ചാണ് അപകടം സംഭവിച്ചതെന്നാണ് മനസിലാക്കുന്നത്. കപ്പൽ ചാനലിലൂടെ സഞ്ചരിക്കേണ്ട കപ്പൽ മത്സ്യബന്ധനം നടത്തുന്ന

മത്സ്യബന്ധനത്തൊഴിലാളികളുടെ ഭാഗത്തേയ്ക്ക് പോയതാണ് അപകടകാരണമെന്നാണ് പറയുന്നത്. അത് നോക്കേണ്ടത് കോസ്റ്റ് ഗാർഡാണ്; അതുണ്ടായിട്ടില്ല. പൊന്നാനിയിലെ രണ്ട് മത്സ്യത്തൊഴിലാളികൾ മരിക്കുകയും നാല് തൊഴിലാളികൾക്ക് പരിക്കുപറ്റുകയും ചെയ്തു. പരിക്കുപറ്റിയവർ ദിവസങ്ങളോളം ആശുപത്രിയിലായിരുന്നു. അവരുടെ ബോട്ടും മത്സ്യബന്ധന ഉപകരണങ്ങളും നഷ്ടപ്പെട്ടു. ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചത്; ഇവർക്ക് എന്തെങ്കിലും സഹായം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, ഈ അപകടത്തിൽ മരണപ്പെട്ട രണ്ട് മത്സ്യത്തൊഴിലാളികൾ ഇൻഷ്വറൻസ് സ്കീമിൽ അംഗങ്ങളാണ്. ആ പണം കൊടുക്കുന്നതിനുള്ള നടപടി ഉടൻ സ്വീകരിക്കും. ഇതു സംബന്ധിച്ചുള്ള അന്വേഷണം സർക്കാർ നടത്തുന്നുണ്ട്. എത്രയുംവേഗം റിപ്പോർട്ട് വാങ്ങിയശേഷം നിയമപരമായി തുടർനടപടികൾ സ്വീകരിക്കും.

ശ്രീ. എം. നൗഷാദ്: സർ, കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാനപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ക്രിയാത്മകമായ

പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന ഗവൺമെന്റിനെ ഞാൻ അഭിനന്ദിക്കുകയാണ്. ട്രോൾ ബാൻ കാലയളവിൽ സമ്പാദ്യസമാശ്വാസ പദ്ധതിപ്രകാരമുള്ള ധനസഹായം മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യാൻ കഴിയുമോ?

ശ്രീ. സജി ചെറിയാൻ: സർ, 4500 രൂപയിൽ 1500 രൂപ കേന്ദ്ര സർക്കാർ നൽകേണ്ടതായതിനാൽ ആ പണം നമ്മൾ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്പോൾ സഹമന്ത്രിയായി വന്നിട്ടുള്ളത് കേരളത്തിൽ നിന്നുള്ള ആളായതിനാൽ പ്രതീക്ഷ നൽകുന്നുണ്ട്. എന്തായാലും സംസ്ഥാന ഗവൺമെന്റ് കൊടുക്കേണ്ട പണം 1500 രൂപ റിലീസ് ചെയ്തുകഴിഞ്ഞു. അടുത്ത 1500 രൂപ ട്രോൾ ബാൻ തീരുന്നതിനുമുമ്പ് കൊടുക്കാനാണ് ഉദ്ദേശിക്കുന്നത്. തീർച്ചയായും സംസ്ഥാന ഗവൺമെന്റ് കൊടുക്കേണ്ട പണം കൃത്യമായി കൊടുക്കുന്ന നിലപാട് സ്വീകരിക്കുമെന്ന് സഭയ്ക്ക് ഉറപ്പുനൽകുന്നു.

## ഗോത്ര സമൂഹത്തിനായുള്ള വികസന പദ്ധതികൾ

(*64) ശ്രീ. പി. വി. ശ്രീനിജിൻ ചുമതലപ്പെടുത്തിയ പ്രകാരം
(ശ്രീ. കെ. യു. ജനീഷ് കുമാർ):

ശ്രീ. എം. വി.ഗോവിന്ദൻ മാസ്റ്റർ:

ശ്രീ. എ. രാജ:

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ഏക ഗോത്ര വർഗ്ഗ പഞ്ചായത്തായ ഇടമലക്കുടിയിൽ ഗതാഗതം, ആരോഗ്യം, വിദ്യാഭ്യാസം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) ഇടമലക്കുടിയിൽ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ച റോഡ്, വൈദ്യുതി, ഇന്റർനെറ്റ് കണക്ഷൻ എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും പുരോഗതിയും വ്യക്തമാക്കുമോ;

(സി) വിവിധ വകുപ്പുകൾ യോജിച്ച് ഗോത്ര സമൂഹവുമായി ചേർന്ന് പ്രസ്തുത സമൂഹത്തിനായുള്ള വികസന പദ്ധതികൾ ശരിയായി നിർവ്വഹിക്കുവാൻ നടപടി സ്വീകരിക്കുമോ?

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ,

(എ)&(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ഏക ഗോത്രവർഗ്ഗ പഞ്ചായത്തായ ഇടമലക്കുടിയിൽ ഗതാഗതം, ആരോഗ്യം, വിദ്യാഭ്യാസം, വൈദ്യുതി തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഇക്കാലയളവിൽ സ്വീകരിച്ച നടപടികൾ അനുബന്ധം-1 ആയി ചേർക്കുന്നു+.

(സി) വിവിധ വകുപ്പുകൾ യോജിച്ച് ഗോത്ര സമൂഹവുമായി ചേർന്ന് വികസന പദ്ധതികൾ ശരിയായി നിർവ്വഹിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇടമലക്കുടിയുടെ വികസന പ്രവർത്തനങ്ങളുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏകോപനത്തിനും മേൽനോട്ടത്തിനുമായി ബഹുമാനപ്പെട്ട ദേവികുളം എം.എൽ.എ. ശ്രീ. എ. രാജ രക്ഷാധികാരിയും ദേവികുളം സബ് കളക്ടർ ചെയർമാനും അടിമാലി ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ കൺവീനറും ആയി കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഇടമലക്കുടിയിൽ നടപ്പിലാക്കി വരുന്ന ഒരോ വികസന പ്രവർത്തനങ്ങളിലും പൊതുമരാമത്ത് വകുപ്പ്, വനം-വന്യജീവി, തദ്ദേശ സ്വയംഭരണം, പൊതു വിദ്യാഭ്യാസം, ജലവിഭവം, വനിത-ശിശു വികസനം, വൈദ്യുതി എന്നീ വകുപ്പുകളെക്കൂടാതെ ബി.എസ്.എൻ.എൽ. എന്നിവയുമായി യോജിച്ച് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: സർ, ഇടമലക്കുടി ഉൾപ്പെടെയുള്ള കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള പട്ടികവർഗ്ഗ ഊരുകളുടെ ക്ഷേമത്തിനുവേണ്ടി അങ്ങ് നേരിട്ട് ഇടപെടൽ നടത്തിയെടുത്തിട്ടുള്ള എല്ലാ നല്ല പ്രവൃത്തികളെയും അഭിനന്ദിക്കുകയാണ്. ഇടമലക്കുടിയിൽ വന്യമൃഗങ്ങളുടെ ശല്യം കാരണം കുട്ടികൾക്ക് സ്കൂളിൽ പോകാൻ പ്രയാസം അനുഭവിക്കുന്ന വിഷയവും അതോടൊപ്പം തന്നെ കുട്ടികളുടെ ഹോസ്റ്റൽ ആന തകർത്തതുമായ

സംഭവവും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ ഇടപെടൽ നടത്തിയിട്ടുണ്ടോ എന്ന കാര്യം വ്യക്തമാക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇടമലക്കുടിയിൽ ആന തകർത്തതുമായി ബന്ധപ്പെട്ട് എൽ.പി. സ്കൂൾ ആയിരുന്നത് യു.പി. സ്കൂളായി ഈ ഗവൺമെന്റ് വന്നതിനുശേഷം ഉയർത്തുകയും കുട്ടികൾക്ക് പഠിക്കാൻ കൂടുതൽ സൗകര്യങ്ങളുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. അവിടേയ്ക്ക് യാത്രാ സൗകര്യമില്ലായിരുന്നതിനാൽ പെട്ടിമുടിയിൽ നിന്ന് ഇടമലക്കുടി വരെ റോഡ് വെട്ടാൻ തീരുമാനിക്കുകയും ഇപ്പോൾ ഏകദേശം ഏഴര  കിലോമീറ്റർ റോഡ് നിർമ്മാണം നടന്നുകൊണ്ടിരിക്കുകയുമാണ്. അതിൽ മൂന്നര കിലോമീറ്റർ പണി പൂർത്തീകരിക്കുകയും സൊസൈറ്റിക്കുടിയിലേയ്ക്കുള്ള മൂന്ന് കിലോമീറ്ററിന്റെ ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. യാത്രാസൗകര്യവും പഠനത്തിനുവേണ്ടിയുള്ള സൗകര്യങ്ങളും കുട്ടികൾക്കുള്ള ഹോസ്റ്റൽ സൗകര്യങ്ങളും മെച്ചപ്പെടുത്തുകയും ആന തകർക്കാതിരിക്കാനുള്ള പ്രൊട്ടക്ഷൻ കൊടുക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ആവണിപ്പാറ അങ്ങ് സന്ദർശിച്ചിട്ടുള്ള ഒരു ഊരാണ്. അച്ചൻകോവിൽ നദിക്ക് മറുകരയെത്തുവാൻ ഒരു പാലമില്ലെന്നുള്ളതാണ് അവിടെയുള്ള പ്രധാനപ്പെട്ട പ്രശ്നമാണ്. പാലം നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആ നടപടികൾ വേഗത്തിലാക്കുവാൻ ഇടപെടൽ നടത്തുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച പ്രശ്നം അദ്ദേഹത്തിന്റെ മണ്ഡലമായ ആവണിപ്പാറയിലെ ഒരു പാലം പണിയുമായി ബന്ധപ്പെട്ടതാണ്. ആവണിപ്പാറ വളരെ റിമോട്ടായ ഏരിയ ആയതിനാൽ അവിടെ പാലം അത്യാവശ്യമാണ്. അതിന് ഫോറസ്റ്റ് വകുപ്പിന്റെ കൺസന്റ് ആവശ്യമായിരുന്നു. ആത് ലഭ്യമായിട്ടുണ്ട്. പി.ഡബ്ല്യൂ.ഡി. അതിന്റെ ഡി.പി.ആർ. തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഡി.പി.ആർ. അടുത്തുതന്നെ ലഭിക്കുമെന്നാണ് കരുതുന്നത്. ഡി.പി.ആർ. കിട്ടിയാൽ പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയും.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, എല്ലാവർക്കും അറിയാവുന്ന പ്രത്യേകതയുള്ള ഒരു പഞ്ചായത്താണ് ഇടമലക്കുടി. ഗ്രോത്ര ജനവിഭാഗങ്ങൾ

മാത്രം താമസിക്കുന്ന ഉൾവനത്തിന്റെ ഭാഗമായിട്ടുള്ള മേഖലയിലാണത്. ഇടമലക്കുടി പഞ്ചായത്ത് ഓഫീസ് ദേവികുളത്താണ് പ്രവർത്തിക്കുന്നത്. ഏറ്റവും പിന്നിൽ നിൽക്കുന്ന ഈ പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് കിലോമീറ്ററുകൾ താണ്ടി ദേവികുളത്തുപോയി പഞ്ചായത്തുമായി ബന്ധപ്പെട്ട സേവനങ്ങൾ ലഭിക്കുക എന്നുള്ളത് വളരെ പ്രയാസകരമാണ്. അടിയന്തരമായി അവിടെ ഒരു പഞ്ചായത്ത് ഓഫീസ് നിർമ്മിക്കുന്നതിനാവശ്യമായ പ്രവർത്തനം സംഘടിപ്പിക്കുന്നതിനുള്ള നിലപാടുകൾ സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. 2010-ൽ ഇടമലക്കുടി കേരളത്തിലെ ആദ്യത്തെ ട്രൈബൽ പഞ്ചായത്തായി പ്രഖ്യാപിച്ചതിനുശേഷമാണ് തെരഞ്ഞെടുപ്പ് നടന്നത്. ഇടമലക്കുടിയിൽ വാഹന സൗകര്യങ്ങളില്ലാത്തതിനാൽ ദേവികുളത്താണ് ഇപ്പോൾ പഞ്ചായത്തിന്റെ ഓഫീസ് പ്രവർത്തിക്കുന്നത്. വാഹന സൗകര്യം വന്നുകഴിഞ്ഞാൽ ഇടമലക്കുടിയിൽ പഞ്ചായത്തിന്റെ ഹെഡ്ക്വാർട്ടർ പണിയാനുള്ള നടപടി തദ്ദേശ സ്വയംഭരണ വകുപ്പാണ് സ്വീകരിക്കേണ്ടത്.

ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ അക്കാര്യമുണ്ട്. ഇടമലക്കുടിയിൽനിന്നും പാവപ്പെട്ട ആളുകൾക്ക് എന്തെങ്കിലും ആവശ്യത്തിന് ദേവികുളത്ത് പോകുന്നതിന് വലിയ പ്രയാസമായതിനാൽ എത്രയും പെട്ടെന്ന് ഇടമലക്കുടിയിൽ പഞ്ചായത്തിന്റെ ഹെഡ് ഓഫീസ് സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

തദ്ദേശസ്വയംഭരണം-എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുടെ 15-ാം കേരള നിയമസഭയിലെ ചോദ്യോത്തരവേളയിലെ അവസാനത്തെ മറുപടിയാണിത്.

മി.സ്പീക്കർ: പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സഭയുടെ അടുത്ത സമ്മേളനത്തിൽ പങ്കെടുക്കുമോയെന്ന് അദ്ദേഹമാണ് തീരുമാനിക്കേണ്ടത്. ഇനി സഭ ചേരുന്നത് 19-ാം തീയതിയാണ്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, അടുത്ത

സമ്മേളനത്തിലല്ല 15-ാം കേരള നിയമസഭയിൽ ഇനി ഞാൻ ഉണ്ടാകാൻ സാധ്യതയില്ല.

മി. സ്പീക്കർ: പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കും ശ്രീ. ഷാഫി പറമ്പിൽ ഇവിടെയില്ലെങ്കിലും അദ്ദേഹത്തിനും എല്ലാവിധ ആശംസകളും നേരുന്നു.

ബഹുമാനപ്പെട്ട അംഗങ്ങളോട് ചെയറിന് ഒരിക്കൽക്കൂടി ആഭ്യർത്ഥിക്കാനുള്ളത്, ചോദ്യോത്തരവേളയിൽ വളരെ അച്ചടക്കത്തോടുകൂടിയാണ് അംഗങ്ങൾ ഇരിക്കേണ്ടത്. പക്ഷേ ഇവിടെ ചോദ്യോത്തരവേളയിൽ അംഗങ്ങൾ ഫ്ലോറിൽ ചുറ്റിത്തിരിയുന്ന പ്രവണതയാണ് കാണുന്നത്. അങ്ങനെ ഉണ്ടാകാതിരിക്കാൻ അംഗങ്ങൾ ശ്രദ്ധിക്കണം. മന്ത്രിമാരോട് അഭ്യർത്ഥിക്കാനുള്ളത്, മന്ത്രിമാരുടെ ഓഫീസ് അറ്റൻഡന്റുമാർ പലപ്പോഴും ശ്രദ്ധയില്ലാതെ ഫ്ലോറിൽ നടക്കുകയാണ്. അതുകൊണ്ട് ചോദ്യം ചോദിക്കുന്ന അംഗങ്ങളെ പലപ്പോഴും മനസ്സിലാക്കാൻ സാധിക്കുന്നില്ല. ഇത് ആധുനിക കാലഘട്ടമാണ്. എം.എൽ.എ.-മാർ ചോദിക്കുന്ന ചോദ്യങ്ങൾ ലൈവ് ടെലിക്കാസ്റ്റായി അല്ലെങ്കിൽ റെക്കോർഡ് ചെയ്ത് ഓൺലൈനിൽ അപ്പ്‌ലോഡ്

ചെയ്യുന്നതാണ്. ഓൺലൈനിൽ കാണുമ്പോഴാണ് അതിന്റെ awkwardness നിങ്ങൾക്ക് ബോധ്യപ്പെടുക. അതുകൊണ്ട് എം.എൽ.എ.-മാരും മന്ത്രിമാരും ഇക്കാര്യത്തിൽ ചെയറുമായി സഹകരിക്കണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുകയാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)